നിയമസംസ്കാരകേന്ദ്രത്തിന്റെ

# ജനനീതി

179

മാർച്ച് 2012

10.00 ക.



ഡോ. സുകുമാർ അഴീക്കോട്

# അലയടങ്ങിയ സമുദ്രതീരത്ത്.....



ഡോ. സുകുമാർ അഴീക്കോട്

**സ**ത്യധർമ്മങ്ങളുടെ കാവലാൾ കാലയവനികക്കുള്ളിൽ മറഞ്ഞു. അതിവേഗം പ്രാന്തവൽക്കരിക്കപ്പെടുന്ന സാധാരണക്കാരുടെ, ചൂഷണവും അധിനിവേശവും നിസ്സഹായരായി സഹിച്ചു ജീവിക്കാൻ വിധിക്കപ്പെട്ടവരുടെ, നെറികേടുകൾക്കും താന്തോന്നിത്തങ്ങൾക്കുമെതിരെ കയ്യുയർത്താൻ വെമ്പുന്നവരുടെ ശബ്ദവും ഊർജ്ജവും പ്രചോദനവുമായിരുന്ന ഡോ. സുകുമാർ അഴിക്കോട് ഓർമ്മയാകുമ്പോൾ, സമൂഹം തികച്ചും അനാഥമായി മാറുന്നു. നിർഭയത്വവും ആദർശവിശുദ്ധതയും മുഖമുദ്രയായിരുന്ന സുവർണ കാലത്തിന്റെ അവസാനത്തെ തിരുശേഷിപ്പിനെയാണ് കാലം കവർന്നത്.

എവിടെ നീതി നിഷേധിക്കപ്പെടുന്നുവോ, എവിടെ മാനവികത ചവിട്ടിയരക്കപ്പെടുന്നുവോ, എവിടെ തിന്മകൾ തീമഴ പെയ്യുന്നുവോ അവിടെയെല്ലാം അഴിക്കോടുണ്ടായിരുന്നു. രാജാവ് നഗ്നനാണെന്നു വിളിച്ചു പറയാനുള്ള നിഷ്കളങ്കതയും ആർജ്ജവവും കൈമുതലാക്കിയ മറ്റൊരു യുഗപുരുഷൻ, ധർമച്യുതി പടരുന്ന ഈ യുഗത്തിൽ അവതരിക്കുമോ?

ജനനീതിയുടെ ശക്തിയും ചൈതന്യവുമായിരുന്നു ഡോ. സുകുമാർ അഴിക്കോട്. എണ്ണമറ്റ വേദികളിൽ, സംഘർഷ ഭൂമികളിൽ, ജനസാഗരത്തിൽ ജനനീതിക്ക് താങ്ങും തണലുമായി അദ്ദേഹമുണ്ടായിരുന്നു. ദുർഘട വഴികളിലൂടെയുള്ള പ്രയാണത്തിൽ പാഥേയമായി സർവ്വ പാരവശ്യങ്ങളിൽനിന്നും പിടഞ്ഞെഴുന്നേല്പിക്കുന്ന ഉത്തേജകമായ ആ ദീപ്ത സ്മരണകൾ നമ്മളിലുണ്ടാകും.

ആദരാഞ്ജലികൾ!
ജനനീതി പ്രവർത്തകർ



ജനനീതി

മാർച്ച് 2012
**179**

പത്രാധിപർ:
**ടി.വി. അച്ചുതവാരിയർ**

സഹപത്രാധിപർ:
**വി.കെ. ഷറഫുദ്ദീൻ**

പത്രാധിപസമിതി:
**കെ.ജി. ശങ്കരപ്പിള്ള**
**സി.പി. ഗംഗാധരൻ**
**ഫ്രാൻസീസ് സേവ്യർ**
**പി.എൻ. ഗോപീകൃഷ്ണൻ**
**എൻ.എൻ. ഗോകുൽദാസ്**
**ജോർജ്ജ് പുലികുത്തിയിൽ**

**ജനനീതി**
**പി.ബി. നമ്പർ 8**
**തോട്ടപ്പടി, മണ്ണുത്തി പോസ്റ്റ്**
**തൃശൂർ – 680 651**
Tel :-487 2373479, 2373281
Fax:-487- 2373281
E-mail: gpneethi@sancharnet.in
Web: www.jananeethi.org

എഡിറ്റോറിയൽ

## ഭരിക്കാൻ വേണ്ട കാശില്ലെന്നാണെങ്കിൽ ഇറങ്ങിപ്പോരണം

**കേ**രളത്തിൽ ഇപ്പോൾ ഒരു സമരം നടന്നുവരുന്നുണ്ട്. അതിനിയും തുടരാനാണ് സാധ്യത കാണുന്നത്. ഭരണപക്ഷക്കാരും പ്രതിപക്ഷക്കാരും ഒരുവശത്തും ജനങ്ങൾ മറുവശത്തുമായി നടക്കുന്ന അപൂർവ്വ സമരങ്ങളിലൊന്നാണിത്. സ്ത്രീകൾക്ക് പാർലിമെന്ററി പ്രാതിനിധ്യം നൽകുന്ന കാര്യത്തിലും ലോക്പാൽ ബില്ലിനെ ഞെക്കിക്കൊല്ലുന്ന കാര്യത്തിലും മാത്രമേ ഭരണകക്ഷിക്കാരും പ്രതിപക്ഷക്കാരും ഇത്ര ഐക്യം കണ്ടിട്ടുള്ളൂ.

റോഡുകളിൽ നിറയെ ചുങ്കം പിരിവിന്നുള്ള സംവിധാനം ഏർപ്പെടുത്തുന്ന കാര്യത്തിലാണ് ഭരണമുന്നണിക്കും പ്രതിപക്ഷ മുന്നണിക്കും ഇപ്പോൾ ദൃഢമായ ഐക്യം കാണുന്നത്. റോഡിന്നു വീതി പോരാ എന്നതാണ് ഒന്നാമത്തെ പരാതി. എല്ലാ കക്ഷികൾക്കും ഇതേ ആശയമാണുള്ളത്. എത്ര വീതി വേണമെന്ന കാര്യത്തിൽ ഐക്യം കുറവാണ്. ചിലർക്ക് നാലുവരിപാത മതി; മറ്റു ചിലർക്ക് ആറുവരി പാതതന്നെ വേണം.

ഈ തർക്കം പിന്നീട് തീർക്കാമെന്നാണ് എല്ലാവരുടേയും നിലപാടെന്നു തോന്നുന്നു. ഏതായാലും നാലുവരിപാത വേണമെന്നത് സംശയാതീതമാണ്. കേരളം പോലുള്ള ചെറിയൊരു നാട്ടിൽ റോഡിനുള്ള സ്ഥലമില്ല എന്നത് ആർക്കും പ്രശ്നമല്ല. ആളുകളെ തല്ലിയോടിച്ചാൽ സ്ഥലം തനിയേ ഉണ്ടാകും. അതിലെ ധാർമ്മികതയെക്കുറിച്ചൊന്നും ചിന്തിച്ചിട്ടു കാര്യമില്ല. ആളുകളെ തല്ലിയോടിച്ചാൽ എത്ര ഭൂമി വേണമെങ്കിലും ഉണ്ടാകും. ഒരു ഗവർമ്മേണ്ടും ഗവർമ്മേണ്ടിന്റെ അധീനത്തിൽ പോലീസുമുണ്ടാകുമ്പോൾ കാര്യം ഭദ്രം. ഏറിവന്നാൽ മാവോയിസ്റ്റ് എന്നൊരു മുദ്രയടിച്ചാൽ കാര്യം ഭംഗിയായി നടക്കും.

ഒരു നാട്ടിൽ ഗതാഗതത്തിന്ന് എത്ര റോഡ് വേണമെന്നതോ അതിന്ന് എത്ര വീതി വേണമെന്നതോ ഒരു പ്രശ്നമാകാൻ പാടില്ലാത്തതാണ്. പണ്ട് ഉൾനാടൻ റോഡുകളിലൂടേയും ഗതാഗതം നടന്നിരുന്നു. വാഹനങ്ങൾക്കാണ് നിയമത്തിന്റേയും നിയന്ത്രണത്തിന്റേയും ആവശ്യം വരുന്നത്. അന്തമില്ലാതെ വാഹനങ്ങൾക്കനുമതി നൽകുമ്പോൾ അതിനുള്ള റോഡെവിടെ എന്നു ചിന്തിക്കണം. വാഹനങ്ങളുടെ കടന്നാക്രമണത്തിൽനിന്ന് ജനങ്ങളെ രക്ഷിക്കേണ്ട ബാധ്യത സർക്കാരിന്നാണ്. ആവശ്യമനുസരിച്ച് റോഡുണ്ടാക്കുകയല്ല റോഡു സൗകര്യം നോക്കി വാഹന ഗതാഗത സൗകര്യമുണ്ടാക്കുകയാണ് ഗവർമ്മേണ്ട് ചെയ്യേണ്ടത്. ഇത് അടിസ്ഥാനപരമായൊരു കാര്യമാണ്. ഒരു നാട്ടിൽ സമ്പന്ന വർഗ്ഗത്തിൽ പെട്ട കുറെപേർ ഉണ്ടായെന്നുവരും. അവരുടെ സൗകര്യം നോക്കിയല്ല ഭരണം നടത്തേണ്ടത്. ദരിദ്രരിൽ വച്ചേറ്റവും ദരിദ്രരായവരെ മുൻനിർത്തിയാകണം ഭരണം.

നമ്മുടെ വികസന പരിപ്രേക്ഷ്യം തലതിരിഞ്ഞ ഒന്നായിട്ടാണ് എപ്പോഴും കണ്ടിട്ടുള്ളത്. വികസനം ഉണ്ടാക്കിക്കൊടുത്ത ശേഷം അത് ഉപയോഗിക്കാൻ ജനങ്ങളെ നിർബ്ബന്ധിക്കുന്ന ഒന്നാണത്. ജനങ്ങളുടെ ക്രയശേഷി നോക്കി അതിനനുസൃതമായി വികസനം എന്ന ആശയം ഉൾക്കൊള്ളാൻ നമുക്കിതുവരെ കഴിഞ്ഞിട്ടില്ല. വികസനത്തോടൊപ്പം ഓടാൻ നാം ജനങ്ങളെ നിർബദ്ധരാക്കുന്നു. പല കലാപങ്ങളുടേയും കാരണം അതാണ്. തലതിരിഞ്ഞ ഈ വികസന പരിപ്രേക്ഷ്യത്തിന്ന് ഒരറുതിയുണ്ടാക്കിയാലേ സമൂഹത്തിൽ ശാന്തിയും സമാധാനവും കൈവരൂ. കാട്ടിൽ കണ്ട കായ്കനികൾ പെറുക്കിത്തിന്ന് ജീവിക്കുന്ന ഒരു ആദിവാസിയെ പിടികൂടി അവനെ ഒരു മോട്ടാർ ബൈക്കിൽ സവാരി നടത്താൻ നിർബ്ബന്ധിക്കുമ്പോൾ ഉണ്ടാകുന്ന അവസ്ഥയാണ് ഇന്ത്യയിലെ മിക്ക കലാപങ്ങൾക്കും കാരണം. പദയാത്രക്കാരായ ജനസമൂഹത്തെ പിടിച്ചുനിർത്തി ആറുവരിപാതയിലൂടെ ഓടിക്കുമ്പോഴും അതാണ് സംഭവിക്കുന്നത്. ഒറ്റക്കാൽ വയ്ക്കാൻപോലും ശേഷി നേടാത്ത ഒരു കുട്ടിയെ റോഡിൽ നിർത്തി ഓടാൻ നിർബന്ധിക്കുമ്പോൾ എല്ലാംകൂടി മറിഞ്ഞുവീഴുന്നത് സ്വാഭാവികമാണ്. ഇതാകട്ടെ കടംവാങ്ങിയ പണം ഉപയോഗിച്ചാണെന്നുകൂടി ഓർക്കണം. ഒരാളും വെറുതെ കടം തരില്ല. കടം തരുന്നവർ അതിന്ന് പലിശ പ്രതീക്ഷിക്കുന്നു. കടം തീർക്കാനും പലിശ നൽകാനും പണം വേണം. കടം വാങ്ങുന്നവന്റെ വിഡ്ഢിത്തത്തിന്റെ ആഴമൊന്ന് അളന്നു നോക്കൂ. കടം തീർക്കാനുള്ള കാശ് കയ്യിലുണ്ടായിരുന്നുവെങ്കിൽ കടം വാങ്ങേണ്ട സാഹചര്യം തന്നെ വരുമായിരുന്നില്ല. സ്വന്തം അച്ഛനായാൽ പോലും കടം വാങ്ങുന്നവനെ മഹാപാപിയായി കരുതണമെന്നു പറയുന്നത് അതുകൊണ്ടാണ്. കടം വാങ്ങുന്നവർ, അവനെ മാത്രമല്ല അടുത്ത തലമുറകളെക്കൂടി കടക്കാരനാക്കി മാറ്റുന്നു.

സോഷ്യലിസത്തിലാണ് ഈ മഹാപാപികളെല്ലാം സുസ്ഥിരത കണ്ടെത്തുന്നത്. യഥാർത്ഥത്തിൽ സോഷ്യലിസത്തിൽ കടം വാങ്ങൽ ഉൾപ്പെടുന്നില്ല. ഭൗതിക സ്വത്ത് കൈമാറ്റം ചെയ്യൽ മാത്രമേ സോഷ്യലിസത്തിൽ നടക്കുന്നുള്ളൂ. ആർജിതമായ സമ്പത്ത് ബുദ്ധിപൂർവ്വം കൈമാറാനുള്ള ഒരു ഉപാധി മാത്രമാണത്. മിടുക്കനുസരിച്ച് അവിടെ ജയാപജയങ്ങൾ സംഭവിക്കുന്നു. ആ മിടുക്ക് ഭൗതികമോ ബൗദ്ധികമോ ആകാം. ഇന്ന് ഈ നിലയെല്ലാം വിട്ടിരിക്കുന്നു. സോഷ്യലിസമെന്നാൽ കടം വാങ്ങൽ എന്ന അർത്ഥംവരെ എത്തിയിരിക്കുന്നു.

തിരുവിതാംകൂർ മേഖലയിൽ പണ്ട് സ്വകാര്യ ബസ് സർവ്വീസ് മാത്രമേ ➡ ഉണ്ടായിരുന്നുള്ളൂ. പട്ടം താണുപിള്ള മുഖ്യമന്ത്രിയായിരുന്ന കാലത്ത് അതെല്ലാം ദേശസാൽക്കരിച്ചു. രാജ്യത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് പണമുണ്ടാക്കാനാണ് ആ ദേശസാൽക്കരണമെന്നായിരുന്നു ന്യായീകരണം. ഇന്നോ? ഖജനാവ് മുടിക്കാൻ മാത്രമേ ആ ദേശസാൽക്കരണം പ്രയോജനപ്പെടുന്നുള്ളൂ.

വല്ലഭന്ന് പുല്ലും ആയുധം എന്നൊരു ചൊല്ലുണ്ട്. മിടുക്കുണ്ടെങ്കിൽ പുല്ലും ആയുധമാകും. മിടുക്കില്ലാത്തവന്റെ കയ്യിലാണെങ്കിൽ കാരിരുമ്പും പ്രയോജനപ്പെടില്ല. ❑

# കേരളത്തിലെ പണിക്ക് പൂർവ്വേന്ത്യക്കാർ

**- മിനു ഇട്ടിഐപ്പ് -**

കൊച്ചിക്കടുത്ത പട്ടണമായ പെരുമ്പാവൂരിലെ ഗാന്ധി ബസാർ ഞായറാഴ്ചകളിൽ പൂർവ്വേന്ത്യക്കാരെക്കൊണ്ട് നിറയും. അതൊരു സമ്മേളന വേദിയാണ്. അതാതാഴ്ച കിട്ടുന്ന വേതനവുമായിട്ടാണിവർ എത്തുന്നത്. ബംഗാളി ബീഡിയോ സ്വദേശത്തുനിന്നുള്ള മറ്റു സാധനങ്ങളോ വാങ്ങാനാണിവർ എത്തുന്നത്. ഒറീസയിൽനിന്നുള്ള സാധനങ്ങൾക്കും നല്ല ഡിമാന്റുണ്ട്. ഇതൊന്നുമല്ലെങ്കിൽ സ്വദേശികളുമായി സംഭാഷണം നടത്താം. ഒരു കടയിൽ ഒറീസ ഭക്തി ഗാനങ്ങളുടെ സി.ഡി. യാണെങ്കിൽ തൊട്ടടുത്ത കടയിൽ ആസാം ഗായികയായ ആകാശ് ദീപിന്റെ സി.ഡി. ആയിരിക്കും. തൊട്ടടുത്തുള്ള ഒറീസ കടയിൽ തുന്നൽ പണിയാണ്. അപ്പുറത്ത് സിറ്റി ഹോട്ടലിൽ ബിരിയാണിയും ബംഗാളി മധുരവസ്തുക്കളും കിട്ടും. ചുരുക്കത്തിൽ ഗാന്ധിബസാർ ഇപ്പോൾ ഭായ് ബസാറെന്നോ ബംഗാളി ബസാറെന്നോ പേരിലാണറിയപ്പെടുന്നത്. ആസാമിൽ നിന്നുള്ള ഒരു മെക്കാനിക്കായ അജിസ്ഖാൻ (22) ഞായറാഴ്ചകളിൽ ഒരു ബിസിനസ്സുകാരനായി മാറുന്നു. തണ്ണീർമത്തന്റെ നീരെടുത്തു വിൽക്കുകയാണ് അയാൾ ചെയ്യുന്നത്. ബംഗാൾ-ബംഗ്ലാദേശ് അതിർത്തിയിൽ ജലാഗ്രിയിൽനിന്നുള്ള നൂർ മാസം തോറും 5000 ക. വീട്ടിലേക്കയക്കുന്നുണ്ട്. നല്ല മലയാളത്തിൽ അദ്ദേഹം സംസാരിക്കും. ഇവിടെ ഞാൻ മലയാളം ഇഷ്ടപ്പെടുന്നു. ഇന്ത്യയിലെ ഏറ്റവും നല്ല പ്രദേശം കേരളമാണെന്ന് എന്റെ ഗ്രാമത്തിലുള്ളവരെല്ലാം പറയുന്നുണ്ട് എന്നാണദ്ദേഹം പറഞ്ഞത്. ഒറീസ, ആസാം, ഝാർഖണ്ഡ് എന്നീ സംസ്ഥാനങ്ങളിലെ പല ഗ്രാമങ്ങളിൽനിന്നുള്ളവരും ഇതുപോലെ കേരളത്തിൽ കൂടിയേറി പാർത്തിട്ടുണ്ട്.

പ്ലൈവുഡ് വ്യവസായം, നിർമ്മാണ വ്യവസായം, ഹോട്ടലുകൾ, ചൂളകൾ, പ്ലാസ്റ്റിക് നിർമ്മാണ വ്യവസായ ശാലകൾ, എന്നിവിടങ്ങളിലെല്ലാം പൂർവ്വേന്ത്യക്കാരായ പണിക്കാരെ കാണാം. മലയാളികൾക്ക് "ഗൾഫ്" എങ്ങനേയോ അതുപോലെയാണ് പൂർവ്വേന്ത്യക്കാർക്ക് കേരളം.

പൂർവ്വേന്ത്യയിൽനിന്ന് കേരളത്തിൽ കുടിയേറിപ്പാർത്തവരെപ്പറ്റി സാമൂഹ്യ-സാമ്പത്തിക-പാരിസ്ഥിതിക പ്രശ്നങ്ങൾ പഠിക്കുന്ന കേന്ദ്രത്തിന്റെ ഡയറക്ടറായ എൻ. അജിത്കുമാർ കഴിഞ്ഞ നവമ്പറിൽ ഒരു പഠനം നടത്തുകയുണ്ടായി. പരമ്പരാഗതമായി ഇവിടെ തമിഴന്മാരെയാണ് ജോലിക്ക് കിട്ടാറുള്ളത്. തമി

ഴ്നാട്ടിൽ ഇപ്പോൾ മെച്ചപ്പെട്ട വേതനം ലഭിച്ചുവരുന്നതിനാൽ ഇപ്പോൾ തമിഴ ന്മാരെ പണ്ടത്തെപ്പോലെ പണിക്കു കിട്ടുന്നില്ല.

കേരളം ജോലിക്കാരെ കയറ്റുമതി ചെയ്തു തുടങ്ങിയിട്ട് കാലമേറെയായി. ചില കണക്കനുസരിച്ച് 20 ലക്ഷം മല യാളികൾ കേരളത്തിന്നു പുറത്ത് ജോലി ചെയ്യുന്നുണ്ട്. ഇതിന്നു പുറമെ പത്തുലക്ഷത്തോളം മലയാളികൾ ഇന്ത്യയുടെ നാനാഭാഗങ്ങളിലായി പണിയെടുക്കുന്നുണ്ട്. വിരോധാഭാസ മെന്നു പറയട്ടെ, കേരളം പണിയെടു ക്കാവുന്നവർക്കുവേണ്ടി ദാഹിച്ചുകൊ ണ്ടിരിക്കുകയാണിന്ന്. ഏതു വ്യവസായ രംഗമായാലും കേരളത്തിൽ പണി ക്കാരെ കിട്ടാനില്ല എന്നതാണ് സ്ഥിതി. കഴിഞ്ഞ ഒരു ദശകത്തിന്നിടയിൽ കൊച്ചിയിൽതന്നെ പത്തോ പന്ത്രണ്ടോ പഞ്ചനക്ഷത്ര ഹോട്ടലുകൾ നിർമ്മിക്ക പ്പെട്ടിട്ടുണ്ടെന്ന് ഒരു പഞ്ചനക്ഷത്ര ഹോട്ടലിന്റെ ജനറൽ മാനേജരായ എറൈൻ ലൂയി പറയുന്നു. ഇവയിൽ പണിയെടുക്കാൻ ഇവിടെ ആളെ തിര ക്കിക്കൊണ്ടിരിക്കുകയാണ്. ആളെ കിട്ടിയാൽതന്നെ കാര്യമില്ല. ഇവിടത്തെ ജോലി ഒരു പരിശീലന ഘട്ടമായേ അവർ കരുതുന്നുള്ളു. നാലഞ്ചുമാസം കഴിയുമ്പോഴേക്കും എല്ലാവരും വിദേ ശത്തേക്ക് പറന്നുപോയിക്കഴിഞ്ഞിരി ക്കും. ആളെ കിട്ടാനുള്ള ക്ഷാമം ചില്ല റയൊന്നുമല്ല. പെരുമ്പാവൂർ പോലെ യുള്ള ഒരു കൊച്ചുപട്ടണത്തിൽ പോലും മറുനാടൻ ജീവനക്കാരെ ആശ്ര യിക്കേണ്ടിവരുന്നു. കുടിയേറ്റക്കാരുടെ ക്ഷേമകാര്യങ്ങൾ നോക്കുന്ന സിസ്റ്റർ മെറിൻ പറയുന്നത് ഇവിടത്തെ ജീവന ക്കാർ ഇതൊരു പരിശീലന കേന്ദ്രമായേ കരുതുന്നുള്ളൂ എന്നാണ്. ഇന്നിവിടെ പണിയെടുക്കുന്നു; കൂടുതൽ വേതനം നൽകുന്നിടത്തേക്ക് നാളെ ഒഴിഞ്ഞു പോകുന്നു.

കുടിയേറ്റക്കാരിൽ മിക്കവരും പുരുഷ ന്മാരാണ്. 18ന്നും 24ന്നും ഇടക്ക് പ്രായ മുള്ളവർ. നാടൻ തൊഴിലാളിക്ക് നൽകുന്നതിനേക്കാൾ കുറഞ്ഞ കൂലിയേ ഇവർക്ക് നൽകുന്നുള്ളൂ. പക്ഷെ അതുതന്നെ സ്വദേശത്ത് ലഭി ക്കുന്നതിന്റെ ഇരട്ടിയോ രണ്ടിരട്ടിയോ വരും. ഒരു കല്ലാശാരിക്കോ മരാശാ രിക്കോ ആങ്ങനെയുള്ള വിദഗ്ധ തൊഴി ലാളിക്കോ ദിവസക്കൂലി 500 ക. ക്കും 700 ക. ക്കും ഇടക്ക് കിട്ടും. ഈ മറുനാടൻ ജീവനക്കാരുടെ സാന്നി ധ്യത്തെ ട്രേഡ് യൂണിയനുകളൊന്നും എതിർക്കുന്നില്ല. ഇവിടെ തൊഴിലാളി കളെ കിട്ടുക വളരെ വിഷമകരമാണ്. എറണാകുളം ജില്ലാ സി.ഐ.ടി.യു. നേതാവായ പി.എസ്. മോഹനൻ പറ യുന്നത് മറുനാട്ടുകാർ ഇവിടെ പണിക്കു വരുന്നതുതന്നെ ഇവിടെ ആളെ കിട്ടാ നില്ലാത്തതുകൊണ്ടാണെന്നാണ്.

1979ൽ മറുനാടൻ ജീവനക്കാർക്ക് നൽകേണ്ട സൗകര്യങ്ങൾ സംബന്ധിച്ച് ഒരു ബിൽതന്നെ പാസാക്കിയിട്ടുണ്ട്. ഇതനുസരിച്ച് താമസ സൗകര്യം നൽകണം; ചികിത്സാസഹായം നൽക ണം. പക്ഷെ കരാറുകാർ കൊണ്ടുവ രുന്ന മറുനാടൻ തൊഴിലാളികൾക്കേ ഇതൊക്കെ ബാധകമാകൂ. ചില കരാ റുകാർ ഇത്തരം സൗകര്യങ്ങൾ നൽകു ന്നുമുണ്ട്. പക്ഷെ അതൊക്കെ പേരി ന്നുമാത്രം. സ്ഥിതിഗതികൾ ആകെ വൃത്തികെട്ടതാണെന്ന് സിസ്റ്റർ മെറിൻ പറയുന്നു. എറണാകുളത്തിന്നടുത്തുള്ള കാക്കനാട്ടിൽ 500 പേർക്ക് ഒരു കക്കൂസ് മാത്രമാണുണ്ടാക്കിയിരിക്കുന്നതെന്ന് അവർ പറഞ്ഞു. വല്ല അപകടവും സംഭ വിച്ചാൽ ചികിത്സാ സഹായം നൽകു ന്നത് അപൂർവ്വമാണ്.

കേരള ഗവർമ്മേണ്ട് ഒരു മറുനാടൻ തൊഴിലാളി ക്ഷേമനിധിയുണ്ടാക്കിയിട്ടു ണ്ട്. ഇതനുസരിച്ച് പേർ രജിസ്റ്റർ ചെയ്തവർക്കെല്ലാം ചികിത്സാസ ➡ ഹായം കിട്ടും. ഇതനുസരിച്ച് ആകെ പേർ രജിസ്റ്റർ ചെയ്തവർ 23500 പേർ മാത്രമാണെന്ന് അഡീഷനൽ ലേബർ കമ്മീഷണർ വി.എൽ. അനിൽകുമാർ പറയുന്നു.

കുടിയേറ്റ തൊഴിലാളികൾക്കായി പൊതുവായൊരു താമസസ്ഥലം ഏർപ്പാട് ചെയ്യാനും ഗവർമ്മേണ്ടിന്നു പ്ലാനുണ്ട്. ഈ കുടിയേറ്റ സ്ഥലത്ത് പേർ രജിസ്റ്റർ ചെയ്യാൻ എത്രപേർ തയ്യാറാകും എന്നതാണ് പ്രശ്നം. കുടി യേറ്റക്കാർ അങ്ങനെ എവിടെയെങ്കിലും ഒരിടത്ത് ക്യാമ്പ് ചെയ്യുന്നത് അപൂർവ്വ മാണ്. പണികിട്ടുന്നിടത്തേക്ക് ഒഴുകി പ്പോകുന്നവരാണ് മിക്കവരും. ഇവർക്ക് ഒരു സത്രം ഉണ്ടാക്കിയിടുന്നത് പാഴ്വേലയാണ്.

സർവ്വോപരി, ഇതിൽ ധാർമ്മികത എന്ന ഒരു ഘടകമുണ്ട് ജനങ്ങൾ നിങ്ങളെ വോട്ടുചെയ്ത് അധികാര ത്തിൽ കയറ്റുന്നത് ജനങ്ങളുടെ പോക്കറ്റ് തപ്പാനല്ല. പോക്കറ്റടിക്കാരെ ഭരണമേല്പിക്കുന്നതിലും ഭേദം കായം കുളം കൊച്ചുണ്ണിയെ ഭരണമേല്പിക്കു കയാണ്. അതിൽ നീതിയുടെ ഒരംശ മെങ്കിലുമുണ്ട്. ❑

# മരണക്കയം തീർക്കുന്ന വ്യവസായങ്ങൾ

**ജനനിബിഡമായ അങ്കമാലി - ചമ്പന്നൂർ മേഖലയിൽ വ്യത്യസ്തങ്ങളായ രാസവസ്തു ക്കൾ ഉപയോഗിച്ചും ലൈസൻസും മലിനീകരണ നിയന്ത്രണ സംവിധാനങ്ങളുമില്ലാ തെയും പ്രവർത്തിക്കുന്ന വ്യവസായ ശാലകൾ തീർക്കുന്ന മരണക്കയങ്ങളുടെ ആഴം വെളിപ്പെടുത്തുന്നു മാർട്ടിൻ**

"കേരളത്തിലെ എറണാകുളം ജില്ല യിലെ ഒരു മുനിസിപ്പാലിറ്റിയും ദേശീയ പാത 544 ന്റെയും എം.സി. റോഡി ന്റെയും അരികിലായി സ്ഥിതി ചെയ്യുന്ന ഒരു പട്ടണവുമാണ് അങ്കമാ ലി. കൊച്ചി നഗരത്തിൽനിന്നും 30 കിലോമീറ്റർ വടക്ക് വശത്തായാണ് അങ്കമാലിയുടെ സ്ഥാനം. ജലസേചന സൗകര്യംകൊണ്ട് സമ്പന്നമായ ഒരു കാർഷിക മേഖല അങ്കമാലിക്കുണ്ട്. 1966 ൽ സാക്ഷാൽക്കരിക്കപ്പെട്ട നാഷ ണൽ ഹൈവേ അങ്കമാലി പട്ടണത്തി ലൂടെ കടന്നു പോകുന്നു. കൂടാതെ ജപ്പാൻ ഹിറ്റാച്ചി കമ്പനിയുടെ സഹാ യത്തോടെ 1963ൽ ട്രാൻസ്ഫോർമേഴ്സ് ആന്റ് ഇലക്ട്രിക്കൽസ് കേരള ലിമിറ്റഡ് (ടെൽക്) നിലവിൽവന്നു."

കേരളത്തിൽ ഏലൂർ കഴിഞ്ഞാൽ വ്യാവസായിക മലിനീകരണത്തിന്റെ ഭീകരതകൾ അതിന്റെ എല്ലാ അർത്ഥ ത്തിലും അനുഭവപ്പെടുന്ന ഒരു നഗര സഭ അതിന്റെ ചരിത്രപരവും ഭൂമിശാ സ്ത്രപരവുമായ പ്രത്യേകതകളെപറ്റി ഊറ്റംക്കൊള്ളുന്ന വെബ്സൈറ്റിൽനി ന്നുമുള്ള വരികളാണ് മുകളിൽ കൊടു ത്തിരിക്കുന്നത്. ഈ ഊറ്റം കൊള്ളലു കളെ വ്യാവസായിക മലിനീകരണ ത്തിന്റെ ദുരന്തഫലങ്ങൾ നശിപ്പിച്ചു തുടങ്ങിയിരിക്കുന്ന വാർത്തകളാണ് ഇപ്പോൾ അങ്കമാലിക്ക് പറയാനുള്ളത്. അക്കാര്യം എന്തായാലും നഗരസഭ തങ്ങളുടെ ജാലകത്തിൽ കാണിച്ചിട്ടില്ല.

വ്യവസായവൽക്കരണത്തിലൂടെ സാമൂഹ്യ പുരോഗതി എന്ന ആശ യത്തെ പിൻപറ്റി 1960 കളിലാണ് അങ്ക മാലി - ചമ്പന്നൂർ മേഖലകളെ കേന്ദ്രീ കരിച്ച് വ്യവസായ ശാലകൾ അങ്കമാലി യിൽ മുളച്ചുവരാൻ തുടങ്ങിയത്. 1963ൽ

ടെൽക് എന്ന പൊതുമേഖലാ സ്ഥാപനം നിലവിൽവന്നതാണ് ഈ മേഖലയിലെ പ്രധാനപ്പെട്ട ഒരു സംഭവം. വ്യവസായവത്ക്കരണം, പുരോഗതി തുടങ്ങിയ മനോഹരമായ പുരോഗമനാശയങ്ങൾക്ക് വഴിമാറാൻ അങ്കമാലിവാസികൾ ആ കാലഘട്ടത്തിൽ മറ്റെന്നുമെന്നപോലെ തന്നെ തയ്യാറായി. അന്ന് അതിനായി കുടിയൊഴിക്കപ്പെട്ടവർ വ്യവസായ മേഖലയ്ക്ക് ചുറ്റും പുതിയ പ്രതീക്ഷകളോടെ ജീവിതം ആരംഭിച്ചു.

തൊണ്ണൂറുകളുടെ ആരംഭത്തിൽ തുടങ്ങിയ പുത്തൻ സാമ്പത്തിക നയങ്ങൾ ഉണ്ടാക്കിയ മൂല്യരഹിത സാംസ്കാരിക വ്യവസ്ഥയിൽ അങ്കമാലിയും മാറി. പണാധിഷ്ഠിതമായ പുതിയ വിപണി കേന്ദ്രീകൃത വ്യവസ്ഥയിൽ വ്യവസായശാലകൾ ലാഭം മാത്രം ലക്ഷ്യമാക്കി പ്രവർത്തിക്കാനാരംഭിച്ചു. വ്യവസായശാലകളുടെ എണ്ണം വർദ്ധിച്ചു. വിസ്തൃതിയും. ഇന്ന് അങ്കമാലി മുൻസിപ്പാലിറ്റിയുടെ രണ്ട് വാർഡുകളിലും നെടുമ്പാശ്ശേരി പഞ്ചായത്തിലെ ഒരു വാർഡിലുമായി ഈ മേഖല പരന്നു കിടക്കുന്നു. 120ൽപരം കമ്പനികൾ, അതും വ്യത്യസ്തങ്ങളായ രാസവസ്തുക്കൾ ഉപയോഗിച്ച് പ്രവർത്തിക്കുന്നവ ഈ പ്രദേശത്തുണ്ട്. ഇവയിൽ പലതിനും ലൈസൻസു പോലുമില്ല. ഔദ്യോഗിക കണക്കനുസരിച്ച് 18 കമ്പനികൾ ഇങ്ങനെ പ്രവർത്തിക്കുന്നു. മൂന്ന് സ്കൂളുകളും രണ്ടു കോളേജുകളും ഈ വിഷം തുപ്പുന്ന കമ്പനികൾക്കിടയിലാണ് പ്രവർത്തിക്കുന്നത്.

ഒരു പ്രദേശത്തെ നരകമാക്കാവുന്ന എല്ലാ രാസ മാലിന്യങ്ങളും ഇന്ന് ചമ്പന്നൂർ മേഖലയിൽ കുന്നുകൂടുന്നുണ്ട്. കാൻകോറിൽനിന്നും പീറ്റേഴ്സിൽനിന്നും മദേഴ്സ് റൈസ്മില്ലിൽനിന്നുമുള്ള മാലിന്യങ്ങൾ തൊട്ടടുത്തുള്ള ഏക്കറുകണക്കിന് വരുന്ന വയലുകളെ വിഷയമാക്കുന്നു. 200 ഹെക്ടർ പാടശേഖരങ്ങൾ പൂർണ്ണമായും നശിച്ചു എന്നാണ് കണക്ക്. പ്രദേശത്തെ കിണറുകൾ മലിനീകരിക്കപ്പെട്ടു. മിക്കവാറും പേർ കിണറുകൾ മൂടിക്കഴിഞ്ഞു. ഉപയോഗശൂന്യമായ വെള്ളത്തിന്റെ നാറ്റം എങ്ങനെയെങ്കിലും ഇല്ലാതാക്കാമല്ലോ! പ്രാണവായുവിനെ വിഷമാക്കുന്ന എം.എസ്. റബ്ബർ കമ്പനി ശ്വസന വ്യൂഹത്തേയും മസ്തിഷ്ക്കത്തെയും ബാധിക്കുന്ന രോഗങ്ങൾ വിതയ്ക്കുന്നു. റബ്ബർ കത്തിക്കുമ്പോഴും പൊടിക്കുമ്പോഴുമുണ്ടാകുന്ന കാർബൺ മോണോക്സൈഡ്, കരി ഇവയെല്ലാം ജനജീവിതം ദുരിതമാക്കുന്നു.

അമോണിയ പ്ലാന്റാണ് പ്രദേശത്തെ മറ്റൊരു പ്രശ്നം. നിരന്തരം ചോർച്ച ഭീഷണി ഉയർത്തുന്നു ഈ പ്ലാന്റ്. ശ്വാസകോശ സംബന്ധമായ വിവിധ രോഗങ്ങളാണ് അമോണിയ ശ്വസിക്കുന്നതിലൂടെ ഉണ്ടാകുന്നത്. ഡയോക്സിൻ പോലുള്ള ഉഗ്രവിഷവാതകങ്ങൾ പുറന്തള്ളുന്ന പ്ലാസ്റ്റിക് കമ്പനികൾ, ഫ്ളൂറൈഡ് ഉൾപ്പെടെ മാരക വിഷ വസ്തുക്കൾ പുറത്തുവിടുന്ന അലുമിനിയം കമ്പനി എന്നിവ ഇവിടെയുണ്ട്.

കെംടെക് കെമിക്കൽസ് ഉൾപ്പെടെയുള്ള പെയിന്റ് നിർമ്മാണ സംരംഭകർ പുറത്തുവിടുന്ന വിഷദ്രവ്യങ്ങൾ തങ്ങൾക്ക് വലിയ ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ട് എന്നത് തദ്ദേശവാസികളുടെ പഴക്കം ചെന്ന ഒരു പരാതിയാണ്. 2010 ജനുവരി 4ന് കെംടെകിൽനിന്ന് പുറത്തുവന്ന ബ്യൂട്ടൈൽ ആൽക്കഹോൾ എന്ന പെയ്ന്റ് ലായകമായി ചേർക്കുന്ന രാസവസ്തു ജനങ്ങൾക്ക് ശ്വാസതടസ്സവും കണ്ണെരിച്ചിലുമുണ്ടാക്കി. പരിഭ്രാന്തരായ ആളുകൾ വീടുപേക്ഷിച്ച് അർദ്ധരാത്രി തന്നെ പലായനം ചെയ്തു. നെക്രോസിസ് (കലകൾ മൃതമാക്കുന്ന അവസ്ഥ) എന്നിവ ഉൾപ്പെടെ വൻ ശാരീരിക പ്രശ്നങ്ങൾക്ക് ഇടയാക്കുന്ന രാസവസ്തുവാണ് ബ്യൂട്ടൈൽ ആൽക്കഹോൾ. ഒരു പ്രദേശത്തെ മുഴുവൻ അഗ്നിക്കിരയാക്കാൻ ഇതിനു കഴിയും. ഇത് വെറുമൊരു ആശങ്കമാത്രമല്ല എന്ന് 2011 ജൂൺ 16ന് അർദ്ധരാത്രി അങ്കമാലിക്കാർ തിരിച്ചറിഞ്ഞു. കെംടെക്ക് കെമിക്കൽസിൽ അനധികൃതമായി സൂക്ഷിച്ചിരുന്ന 60,000 ലിറ്ററോളം ബ്യൂട്ടൈൽ ആൽക്കഹോളിന് തീപിടിച്ചു. നാടിനെ നടുക്കിയ പൊട്ടിത്തെറിയോടെ തീ ആളിക്കത്തി. നാലു മണിക്കൂറോളം ജനങ്ങളെ മരണമുഖത്ത് നിർത്തി. വെറും 1000 ലിറ്റർ ലായകം മാത്രമെ സൂക്ഷിക്കാനുള്ള അനുവാദമുണ്ടായിരുന്നുള്ളൂ ഇവർക്ക്. എന്നിട്ടും അധികൃതരുടെ മൗനാനുവാദത്തോടെ ഒരു പൊട്ടിത്തെറിയുണ്ടാകുന്നതുവരെ കമ്പനി പ്രവർത്തിച്ചു. ഭൂഗർഭജലം ഊറ്റിക്കുടിക്കുന്ന കുപ്പിവെള്ള ഫാക്ടറികൾ ഇവിടെയുണ്ട്. പെരുമ്പാവൂർ പ്ലൈവുഡ് കൺസോർഷ്യം ഫാക്ടറി മാരകരാസ പദാർത്ഥമായ ഫോർമാൽഡിഹൈഡ് അനിയന്ത്രിതമായി ഉപയോഗിക്കുന്നുണ്ട്. അമേരിക്ക പോലുള്ള രാജ്യങ്ങളിൽ പ്ലൈവുഡിൽ ഉപയോഗിക്കുന്നത് നിരോധിച്ച വസ്തുവാണ് ഫോർമാൽ ഡിഹൈഡ്. കാൻസറിന് കാരണമാകുമെന്ന് തെളിയിക്കപ്പെട്ട ഈ വസ്തു ശ്വസനവ്യൂഹത്തിനും ത്വക്കിനും രോഗങ്ങൾ ഉണ്ടാക്കും. പ്രത്യുത്പാദന വ്യവസ്ഥയേയും രക്തചംക്രമണ വ്യവസ്ഥയേയും ബാധിക്കും. ആസ്തമക്ക് ഇത് ഒരു പ്രധാന കാരണമാണ്.

കാതികൂടം നിറ്റാജലാറ്റിൻ കമ്പനിയിൽനിന്ന് പുറംതള്ളുന്ന വെയ്സ്റ്റ് ഉപയോഗിച്ച് നിർമ്മിക്കുന്ന വളം നിർമ്മാണ യൂണിറ്റ് ഇവിടെയുണ്ട്. പാലക്കാട് കഞ്ചിക്കോട് ഗുരുതരമായ പാരിസ്ഥിതിക പ്രശ്നങ്ങൾ സൃഷ്ടിച്ചുകൊണ്ടിരിക്കുന്ന അയേൺ 'സ്ക്രാപ്പ് റീറോളിങ് യൂണിറ്റ്' ടെൽക്കിന് പിന്നിലായി വരാൻ പോകുന്നു എന്നതാണ് പുതിയ വാർത്ത. ടെൽക് എന്ന പൊതുമേഖലാ സ്ഥാപനവും മലിനീകരണത്തിൽ ഒട്ടും പിന്നിലല്ല. ട്രാൻസ്ഫോർമറുകളിൽ നിറയ്ക്കുന്ന ഓയിൽ പരന്നൊഴുകി പൊന്നുവിളയുന്ന വയലുകളെ 'എണ്ണപാടങ്ങൾ' ആക്കി മാറ്റിയത് ടെൽക്കാണ്.

വിവിധ ഗവൺമെന്റ് ഏജൻസികളുടെ മാനദണ്ഡങ്ങൾ പാലിക്കാതെ, മലിനീകരണ നിയന്ത്രണ സംവിധാനങ്ങളെ നോക്കുകുത്തികളാക്കി, അവ പ്രവർത്തിപ്പിക്കാനാവശ്യമായ ചെലവിനെയും ലാഭത്തിന്റെ കണക്കിലേക്കു മാറ്റാൻ ശ്രമിക്കുന്ന മൂല്യരഹിതമായ ബിസിനസ് താൽപര്യമുള്ളവരാണ് ഇവിടം ഭരിക്കുന്നത്. തൊഴിൽ നഷ്ടമെന്ന പേരിൽ തൊഴിലാളികളെ പ്രകോപിപ്പിക്കുകയും പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളെ തടസ്സപ്പെടുത്തുകയുമാണ് അവർചെയ്യുന്നത്. തൊഴിലാളികളെയാണ് മോശം തൊഴിൽ സാഹചര്യങ്ങൾ പ്രധാനമായും ബാധിക്കുന്നത് എന്ന സത്യം കമ്പനികൾ മറച്ചുവയ്ക്കുന്നു. പരിസ്ഥിതി സൗഹൃദ ട്രേഡ് യൂണിയനിസം എന്ന വാക്കാകട്ടെ തൊഴിലാളി നേതാക്കൾ വേണ്ടവിധം മനസ്സിലാക്കിയിട്ടുമില്ല.

സാമൂഹ്യ പ്രവർത്തകർക്കും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കും ഈ മേഖലയിൽ ധാരാളം പ്രവർത്തിക്കാനുണ്ട്. വിദഗ്ധന്മാരെ ഉപയോഗിച്ച് ബോധവൽക്കരണം നടത്താനും ആസൂത്രണ പ്രക്രിയയിൽ പരിസ്ഥിതി സൗഹൃദപരമായ നിലപാടുകൾ ഉൾപ്പെടുത്താനും അവർ ശ്രദ്ധിക്കേണ്ടതുണ്ട്. അങ്കമാലി – ചമ്പന്നൂർ മേഖലയിലെ മലിനീകരണ വിഷയത്തിൽ പൊതു ജനങ്ങളുടെ ഇടപെടൽ 2005 മുതൽ സജീവമാണ് എന്നത് ശുഭോദർക്കമായ കാര്യമാണ്. ശക്തമായ പ്രക്ഷോഭ പരിപാടികൾ

# മലിനീകരണത്തിന്നെതിരെ പരാതി

തൃശൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന കല്ല്യാൺ ജുവലേഴ്സ് ജനവാസ കേന്ദ്രമായ തൃശൂരിലെ പൂങ്കുന്നം സീതാറാം മിൽ റോഡിൽ വലിയ തോതിലുള്ള സ്വർണ്ണ ശുദ്ധീകരണ/ആഭരണ നിർമ്മാണശാല തുടങ്ങുന്നതിനെതിരെ നാട്ടുകാർ പ്രതിഷേധവുമായി രംഗത്ത്. ജനങ്ങൾ തിങ്ങിപ്പാർക്കുന്ന ഒരു പ്രദേശത്ത് ഇതുപോലുള്ള റിഫൈനറി തുടങ്ങിയാലുണ്ടാകുന്ന ഭവിഷ്യത്തുകളാണ് ജനങ്ങളെ ആശങ്കയിലാഴ്ത്തിയിരിക്കുന്നത്. റിഫൈനറിയുടെ പ്രവർത്തനത്തിനായി ഒരു ബഹുനിലക്കെട്ടിടം കല്ല്യാൺ ജുവലേഴ്സ് പണിതീർത്തിട്ടുണ്ട്. റസിഡൻഷ്യൽ ഏരിയയിലെ വീടുകളോട് ചേർന്നാണ് കെട്ടിടം നിൽക്കുന്നത്.

റിഫൈനറിയിൽനിന്നും പുറത്തേക്ക് ഒഴുക്കിവിടുന്ന സ്വർണ്ണ ശുദ്ധീകരണത്തിന്നുപയോഗിക്കുന്ന രാസവസ്തുക്കളടങ്ങിയ മലിനജലം ഒഴുകിയെത്തുന്നത് ഹരിനഗർ എന്ന നാനൂറിൽ അധികം കുടുംബങ്ങൾ താമസിക്കുന്ന ജനവാസകേന്ദ്രത്തിലേക്കാണ്. രാസവസ്തുക്കൾ അടങ്ങിയ മലിനജലം കിണറുകളിലെത്തുകയും കുടിവെള്ളം മലിനീകരിക്കപ്പെടുകയും കാൻസർ തുടങ്ങിയ മാരക രോഗങ്ങൾ ഉണ്ടവാൻ ഇടയാവുകയും ചെയ്യും എന്നതാണ് നാട്ടുകാരെ പ്രതിഷേധത്തിലേക്ക് നയിക്കുന്നത്. അതുപോലെ തന്നെ റിഫൈനറിയിൽ നിന്നും പുകക്കുഴലിലൂടെ പുറത്തുവരുന്ന വിഷപ്പുക വായുവിൽ കലർന്ന് അന്തരീക്ഷ മലിനീകരണവുമുണ്ടാക്കും. വലിയ തോതിലുള്ള ആരോഗ്യ പ്രശ്നങ്ങൾക്ക് കാരണമാകുന്ന റിഫൈനറിക്ക് അനുമതി നൽകരുതെന്ന് ആവശ്യപ്പെട്ട് നാട്ടുകാർ കോർപ്പറേഷനും ജനപ്രതിനിധികൾക്കും പരാതി നൽകിയിട്ടുണ്ട്. ജനവാസകേന്ദ്രത്തിൽ ഇത്തരമൊരു റിഫൈനറിക്ക് മലിനീകരണ നിയന്ത്രണ ബോർഡ് അനുമതി നൽകിയതിന്റെ അടിസ്ഥാനമെന്താണെന്ന് വിവരാവകാശ നിയമപ്രകാരം നാട്ടുകാർ ആവശ്യപ്പെട്ടിട്ടുണ്ട്.

കേരളത്തിലെ പ്രബല സ്വർണ്ണ വ്യവസായികളായ കല്ല്യാണിനെതിരെയുള്ള ആരോപണത്തെക്കുറിച്ച് അന്വേഷിക്കാൻ പോലും മാധ്യമങ്ങൾ തയ്യാറാകാതിരിക്കുന്നതിലും ഇവർക്ക് പരാതിയുണ്ട്.

ബന്ധങ്ങൾക്ക്: കെ.എൻ. ചന്ദ്രശേഖരൻ - (0487) 2387894. ❑

ഇവിടെ നടന്നിട്ടുണ്ട്. സ്വയം ഉറക്കം നടിച്ച മലിനീകരണ നിയന്ത്രണ ബോർഡ് ചെറിയ തോതിലെങ്കിലും നടപടികൾ സ്വീകരിക്കാൻ നിർബന്ധിതരായിട്ടുണ്ട്. പല കമ്പനികൾക്കും അവരുടെ അനധികൃത പ്രവർത്തനങ്ങൾ മൂലം അടച്ചുപൂട്ടൽ നോട്ടീസ് ലഭിച്ചു കഴിഞ്ഞു. മനുഷ്യ ജീവൻ പന്താടുന്ന മൂലധന താൽപര്യങ്ങൾക്കെതിരെ ഇനിയും പ്രതിഷേധം ശക്തിപ്പെടേണ്ടതുണ്ട്. അങ്കമാലിയിൽ വീണ്ടും പ്രകൃതി തളിർക്കുമെന്ന് നമുക്ക് പ്രത്യാശിക്കാം. സ്ഫടികസമാനമായ ജലവും പുളയ്ക്കുന്ന മത്സ്യ സമ്പത്തുമായി മാഞ്ഞാലി പുഴ വീണ്ടുമൊഴുകുന്നത് നമുക്ക് സ്വപ്നം കാണാം. പുത്തൻ തലമുറയ്ക്ക് ആരോഗ്യമുള്ള പരിസ്ഥിതി എന്ന വാഗ്ദാനം പാലിക്കാൻ പക്ഷെ ഇനിയും സമരമുഖങ്ങൾ തുറക്കേണ്ടിവരും എന്നുമാത്രം. ❑



# മുല്ലപ്പെരിയാർ: കുറെ ചോദ്യങ്ങൾ

മുല്ലപ്പെരിയാർ അണക്കെട്ടിന്റെ പേരിൽ സമരം നടത്തുന്നവരോട് ഞങ്ങൾക്ക് കുറേ ചോദ്യങ്ങൾ ചോദിക്കുവാനുണ്ട്. സാധാരണ പ്രവർത്തകരോടോ, കർഷകരോടോ, വിദ്യാർത്ഥികളോടോ അല്ല. അവരുടെ ഉത്കണ്ഠയും അമ്പരപ്പും ഞങ്ങൾക്ക് മനസ്സിലാക്കാവുന്നതേയുള്ളൂ. തലപ്പത്തുള്ളവരോട്.

സുപ്രിം കോടതിയുടെ(2006-18-2-2010, 29-3-2010) വിധിക്കനുസരിച്ച് ഉന്നതാധികാരസമിതിയുണ്ടാക്കി. അതിന്റെ ഉത്തരവനുസരിച്ച് 115 കൊല്ലം പഴക്കമുള്ള അണക്കെട്ടിന്റെ ഇപ്പോഴത്തെ സ്ഥിതിയെക്കുറിച്ച് സ്കാൻ ചെയ്ത് റിപ്പോർട്ട് തയ്യാറാക്കാൻ ദൽഹിയിലെ സി.എസ്.എം.ആർ.എസ്സിനെ ഏൽപ്പിച്ചു. അവർ 1200 അടി നീളമുള്ള അണക്കെട്ടിനെ 34 ഭാഗങ്ങളാക്കി. 119.7 അടിവരെ മാത്രമേ ക്യാമറക്ക് പോകാൻ കഴിഞ്ഞുള്ളൂ. അടിഭാഗം ഏക്കലും ചെളിമണ്ണും വന്നടിഞ്ഞിരിക്കുന്നു. പഠനം വിദൂരനിയന്ത്രിതവാഹനവും അതിലെ ക്യാമറയും ഉപയോഗിച്ചായിരുന്നു. ചെറുതും വലുതുമായ നിരവധി വിള്ളലുകളും ചാലുകളും ദ്വാരങ്ങളും എല്ലായിടത്തുമുണ്ട്. തേപ്പിലെ കുമ്മായാംശം മിക്കവാറും അലിഞ്ഞു തീർന്നു പോയിട്ടുണ്ട്. പലഭാഗത്തും ഒട്ടും കാണാനില്ല. വെള്ളം കെട്ടിനിൽക്കുന്ന ഭാഗത്ത് 106 അടിക്കും 95 അടിക്കുമിടയിൽ അണക്കെട്ടിന്റെ നീളമുള്ള ഒരു വിള്ളൽ ഉണ്ട്. ഇവിടെ അൽപ്പം പോലും തേപ്പില്ല. കല്ലുകൾ പെറുക്കി അട്ടിയിട്ടപോലെ കിടക്കുന്നു. ഈ നില അത്യന്തം അപകടകരമാണ്. റിറ്റ്ചർ സ്കെയിലിൽ 4.5 അളവിലുള്ള ഒരു ഭൂചലനം പോലും ഇവിടം താങ്ങില്ല. അന്യോന്യം ബന്ധിക്കുന്ന ചാന്തോ സുർക്കിയോ ഇല്ലാതെ ഏത് നിമിഷവും തകർന്ന് വീഴാവുന്ന അവസ്ഥയിലാണിതിന്റെ നിൽപ്പ്. അണക്കെട്ട് സ്കാൻ ചെയ്ത വിദഗ്ധരെല്ലാം ഏക അഭിപ്രായക്കാരാണ്. മിക്കവാറും കേരളത്തിലെ അണക്കെട്ടുകളെക്കുറിച്ച് പഠിച്ചുകഴിഞ്ഞപ്പോൾ സുരക്ഷയുടെ കാര്യം ഇങ്ങനെയൊക്കെതന്നെയാണ്. മുല്ലപ്പെരിയാർ ഡാം അതീവ ദുർബ്ബലമാണ്. പുതിയ അണക്കെട്ട് വേണമെന്ന കേരള സർക്കാറിന്റെ ആവശ്യം 100 ശതമാനം ശരിയുമാണ്. (Synopsis of the report - Meterialo Research Station, Delhi)

മുല്ലപ്പെരിയാർ കമ്പിഫ്രെയിമിൽ കോൺക്രീറ്റ് നിറച്ചുണ്ടാക്കിയതല്ല. തേപ്പുള്ളത് വെള്ളമില്ലാത്ത ഭാഗം മാത്രമാണ്. കോൺക്രീറ്റ് അണകളിലെ വൈദഗ്ധ്യംകൊണ്ട് ഇത്തരം അണകളുടെ സുരക്ഷ കണക്കാക്കാനാവില്ല. പക്ഷെ 27-2-2007 ൽ വന്ന കോടതിവിധിയിൽപ്പോലും മുല്ലപ്പെരിയാർ സിമന്റ് തേച്ച കോൺക്രീറ്റണയാണെന്നായതെങ്ങിനെയാണ്?. കോടതിയെ കൃത്യമായി കാര്യങ്ങൾ ബോധ്യപ്പെടുത്തുന്ന കാര്യത്തിൽ കേരളം എന്തുകൊണ്ടാണ് പരാജയപ്പെട്ടത്? കൃത്യമായി കോടതിയിൽ രേഖകൾ ഹാജരാക്കുകയോ, തെളിവ് കൊടുക്കുകയോ ചെയ്യാതിരുന്നവർ ആരൊക്കെയാണ്? അയച്ച രേഖകൾതന്നെ കോടതിയിൽ എത്തുമ്പോൾ കാണാതാവുന്നതെങ്ങിനെയാണ്? അതിലെ വാക്കുകൾ മാറുന്നതെന്തുകൊണ്ട്?

ലോകത്തൊരിടത്തും മണലും സുർക്കിയും കുമ്മായവും ചേർന്ന മറ്റൊരണക്കെട്ടില്ല. ഇത്രയും വലിയ

നിർമ്മിതി അവിദഗ്ധർ ചെയ്തുകൂട. ഉപയോഗിച്ച കുമ്മായത്തിന്റെ ഗുണം മാത്രമല്ല അളവും പലസ്ഥലത്തും പല താണ്. അതുകൊണ്ട് തന്നെ ഒരെഞ്ചി നീയർക്കും അണക്കെട്ടിന്റെ സുരക്ഷ യെക്കുറിച്ചൊന്നും പറയാൻ കഴിയില്ല.

ഭൂകമ്പമേഖലയായതിനാൽ 1976 ൽത്തന്നെ അണക്കെട്ടിന്റെ മർദ്ദം താങ്ങുവാനുള്ള ശേഷിയെക്കുറിച്ച് പഠി ച്ചിരുന്നു. അങ്ങിനെയാണ് തുരന്ന് കോൺക്രീറ്റ് ഇറക്കുന്ന ജോലി തുട ങ്ങിയത്. പിന്നെ ഇതൊടൊപ്പം കമ്പിയും ചേർത്തു. അടിത്തറ നന്നേ ദുർബമായ അണക്കെട്ടിന്റെ ഉപരിഘട നയിൽ ഒരടിക്ക് 10.25 ടൺ ഭാരം കൂടി യായി. അണക്കെട്ടിലുടനീളം വന്ന ഈ ഭാരം അണക്കെട്ടിനെ അതീവ ദുർബലമാക്കി. അണക്കെട്ടിന്റെ ഉയരം 176 അടിയാണ്. 136 അടി വെള്ളം ഉണ്ട്.

പല ഭാഗങ്ങളാക്കി സൂക്ഷ്മമായി പഠിച്ച റിപ്പോർട്ടും ഫോട്ടോകളും കൈയ്യിലെത്തിയിട്ടും ആറുമാസത്തി ന്നുമേൽ അതിൻമേൽ അടയിരുന്ന തിന്റെ ചമ്മൽ മാറ്റാനാണോ, അതോ കൂറുതെളിയിച്ച് വോട്ടുബാങ്ക് ഉറപ്പിക്കാ നാണോ നേതാക്കളുടെ ഈ പരക്കം പാച്ചിൽ? 95 അടിക്കും 106 അടിക്കു മിടയിലുള്ള വിള്ളൽ അതീവ ഗുരുതര മാണെന്ന റിപ്പോർട്ടിന്റെ അവസാന ഭാഗം വീണ്ടും ഓർമ്മിപ്പിക്കുന്നു. കേരളം ശ്രദ്ധിക്കേണ്ട ഇത്തരം പഠന ങ്ങളൊന്നും സുപ്രീം കോടതിയിലോ ഉന്നതാധികാര സമിതിയിലോ എത്തി യിട്ടില്ല. മുല്ലപ്പെരിയാറിൽത്തന്നെയുള്ള ബേബിഡാമിനെക്കുറിച്ചുള്ള പഠനം (12 -2000) സുപ്രീം കോടതിയിലെത്തിയി ട്ടില്ല. പകരം എത്തിയത് ജി. പി. ആർ. പഠനമാണ്. അവർ പറയുന്നതാകട്ടെ അണക്കെട്ടിന്റെ പുറം ഭാഗത്തിന്ന് ഒരു കുഴപ്പവുമില്ലയെന്നാണ്. അതുകൊണ്ട് തന്നെ സി എസ എം ആർ എസ്സിന്റെ പഠനവും കേരളത്തിൽ എത്തില്ല. ആരും ഇങ്ങ് നിന്നങ്ങോട്ട് അന്വേഷിക്കി ല്ലയെന്ന് സംശയമുള്ളതുകൊണ്ട് സംഘത്തിലെ ഒരെഞ്ചിനീയർ കാര്യഗൗ രവം മനസ്സിലാക്കി, ചട്ടങ്ങൾക്ക് വിരു ദ്ധമായി ചുരുക്കം അയക്കുകയായിരു ന്നു. എന്തു കാര്യം? നമ്മുടെ ഉദ്യോഗ സ്ഥന്മാർക്കോ മന്ത്രിക്കോ അതി നുണ്ടോ നേരം? കേരളത്തിലെ ജനങ്ങ ളുടെ ജീവനെക്കരുതി അടിയന്തിരമായി ഇടപെടണേയെന്ന അപേക്ഷപോലും ഇവരുടെ ഉള്ളിൽ കടന്നില്ല. ഉദ്യോഗ സ്ഥന്റെ കൂറുപോലും ജനപ്രതിനിധി കൾക്കുണ്ടായില്ല.

കേരളത്തിന്റെ പെറ്റീഷനുകളും രേഖ കളും തെളിവുകളും കോടതിയിലെത്തി യില്ല. അഥവാ എത്തിയാൽ അയച്ച രൂപ ത്തിലാവില്ല. ആര് ഭരിച്ചാലും കാര്യ ങ്ങൾ ഇങ്ങനെയായിരുന്നു. കേരളം എന്നും തോറ്റുകൊടുക്കുകയായിരു ന്നു.(നമ്മുടെ വനം കേസുകളും ചന്ദ നക്കേസ്സുകളും മറ്റും ജയിക്കാൻ തുട ങ്ങിയത് നിശ്ചയദാർഢ്യമുള്ള ചില ഉദ്യോഗസ്ഥർ വന്നപ്പോഴാണല്ലോ) ഹേസ്റ്റിംഗ്സ് പ്രഭാവമാണിവരെയെല്ലാം ഇന്നും ഭരിക്കുന്നത്. അതിനാൽ കൈക്കൂലിയില്ല. കമ്മീഷൻ മാത്രം. അത് പരമാവധി തമിഴ്നാട്ടിൽ 100 ഏക്കർ മുതലുള്ള എസ്റ്റേറ്റുകളാവാം, കാശാവം, മറ്റ് സ്വത്തുക്കളാവാം. എല്ലാ കൊല്ലവും ഇതിനായി സൺട്രി എക്സ്പെൻഡിച്ചർ (Sundry Expenditure) എന്ന പേരിൽ ബജറ്റിൽ കാണി ക്കാത്ത തുകമാറ്റി വെക്കാറുണ്ടത്രെ. മുല്ലപ്പെരിയാറിന്ന് 100 കോടി പറമ്പി ക്കുളം 80 കോടി എന്നിങ്ങനെ. അതി നാൽ ചിറ്റൂർക്കാർക്ക് വെള്ളം കിട്ടാത്ത തിന്റെ കാരണം അന്വേഷിക്കേണ്ട. നാഷണൽ ഹൈവേയേക്കാൾ മനോഹ രമാണ് കേരള ഭാഗത്തുള്ള ശിരുവാണി റോഡ്. കെട്ടിടത്തിന്റെ പറമ്പിൽ പോലും ടൈൽസ് പതിച്ചിരിക്കുന്നു. ജയലളിതയോട്, വി.എസ്സിന്നോടൊപ്പം ഞങ്ങളും ആവശ്യപ്പെടുന്നു. കാശുവാ ങ്ങിയവരുടേയും ഭൂമി വാങ്ങിയവരു ടേയും പേര് വെളിപ്പെടുത്തണേ. ഞങ്ങൾക്ക് കുറേപ്പേരെ ഒഴിവാക്കേണ്ട തുണ്ട്.

“ഏത് ഒറ്റപ്പെട്ട ജനശേഖരത്തിന്നും വലുപ്പവും ആഴവും കൂടുംതോറും അതിനു ഭൂകമ്പം ഉണ്ടാക്കാനുള്ള കഴിവും കൂടും. അതൊരു കോൺവെക്സ് ലെൻസ് ആയിത്തീരും. സൗരോർജ്ജത്തെ ഭൂഗുരുത്വ കേന്ദ്ര ത്തിലേക്ക് കേന്ദ്രീകരിക്കും. സ്വാഭാവിക ജലശേഖരങ്ങളിലെ ഇതിനെ തടയുന്ന ജൈവ സമ്പന്നത അതിലില്ല.” (World Dam Commission).

ചിരിവരുന്ന കുറേ അഭിപ്രായങ്ങളു ണ്ട്. മുല്ലപ്പെരിയാർ പൊട്ടിയാലും വെള്ളത്തെ താങ്ങാൻ ഇടുക്കി ഡാമിന്ന് കഴിയും! 12 ദശലക്ഷത്തോളം ഘന അടി വെള്ളം വരുന്ന ചെളിയും മരങ്ങളും കെട്ടിടങ്ങളും പാലങ്ങളു ടേയും മറ്റും ഭാരം എത്രയാവും? ഏത് അണക്കെട്ടാണ് ഇത് താങ്ങുക? കുള മാവും ചെറുതോണിയും ചേർന്നതാണ് ഇടുക്കി അണക്കെട്ട് എന്ന് എന്തു കൊണ്ട് മറന്നുപോകുന്നു. ഇടുക്കി ആർച്ച് ഡാം മാത്രമാണ്.

ഇങ്ങനെ വരുന്ന പ്രവാഹം ഇന്നവ ഴിക്കേ പോകൂ എന്ന് എങ്ങിനെ, ആര് കണക്കാക്കും? ഏത് ട്രാഫിക് സിഗ്ന ലാണിതിന്ന് ബാധകമാവുക? കേരള ത്തിൽ എത്രകൊല്ലം കൊണ്ടാണ് ഒര ണക്കെട്ട് പണിതീരുക. 15 കൊല്ലമോ, 25 കൊല്ലമോ കൊണ്ടെങ്കിലും തീരുമോ? 1200 അടി താഴെയുണ്ടാ ക്കുന്ന പുതിയ അണ ഭൂകമ്പ മേഖല യിൽ സുരക്ഷിതമാവുമോ?

അണപൊട്ടിയാൽ എന്തു ചെയ്യണ മെന്ന് ആലോചിക്കാനേ ഇപ്പോൾ പറ്റൂ. ഇടുക്കി സുരക്ഷിതമാണെന്ന് ധരിക്കാ തിരിക്കാം. ടൂറിസത്തിന്റെ പേരിൽ കാട് കയ്യേറിയവർക്കുള്ള പ്രകൃതിയുടെ മറു പടിയും ആവാം ഈ കമ്പനങ്ങൾ. സുപ്രീം കോടതി വിധി വരുന്നതുവരെ മുല്ലപ്പെരിയാർ കാത്തിരിക്കുമോ? ഉത്ത രായനം ഉത്തരാർദ്ധ ഗോളത്തെ പാഠം പഠിപ്പിക്കുമോ? കാത്തിരുന്നു കാണു കയേ വഴിയുള്ളൂ........

പുതിയ അണക്കെട്ടിന്നുവേണ്ടി സമരം നയിക്കുന്ന, ഉപവാസം കിടക്കു ന്ന, ജ്വരം വളർത്തുന്ന നേതാക്കളുടെ ആത്മാർത്ഥത ചോദ്യം ചെയ്യപ്പെടണം. ജനങ്ങളോടുള്ള ബാധ്യത നിറവേറ്റുന്ന തിന്നപ്പുറം മറ്റ് പലതുമുണ്ട്. തമിഴ്നാ ട്ടിൽ മലയാളികളുടെ സ്വത്തിന്നും വസ്തുവകകൾക്കും നാശം വരുത്തി ക്കൊണ്ടിരിക്കുന്ന തമിഴ് മക്കളോടും കേരളത്തിൽ തമിഴന്നെതിരെ പ്രചരണം നടത്തുന്ന മലയാളികളോടും ഒരു ചോദ്യം മാത്രം. നാം എന്നാണ് നമ്മുടെ ചിന്ത പ്രയോജനപ്പെടുത്തുക. ആർക്ക് വേണ്ടി ഈ പരാക്രമങ്ങ ളെല്ലാം? ഞങ്ങളുടെ അഭിപ്രായം വില ക്കെടുക്കുമെങ്കിൽ പറയട്ടെ മുല്ലപ്പെരി യാറിൽനിന്നും തമിഴ് നാട്ടിലേക്ക് 60 അടി താഴ്ച്ചയിൽ രണ്ട് ടണൽ നിർമ്മി ക്കുകയും മുല്ലപ്പെരിയാറിലെ വെള്ളം 90 അടിയിൽ നിലനിർത്തുകയും ചെയ്താൽ ഡാം കുറേക്കൂടി സുരക്ഷി തമാവുകയും ആവശ്യത്തിലധികം വെള്ളം തമിഴ്നാടിന്ന് ലഭിക്കുകയും ചെയ്യും. പ്രകൃതിയുടെ വരദാനം വിവേ ചനം ഇല്ലാതെ ഉപയോഗിക്കുമാറാക ട്ടെ. അതിനനുസരിച്ച കൃഷി ശീലിക്ക ണം. കരിമ്പും അത്യുൽപാദന വിത്തും രാസവള കീടനാശിനികളും പോയാൽ ഇത് സാധ്യമാണ്. നയിക്കാൻ കരു ത്തുള്ള ജൈവ കർഷകർ അവിടെയു ണ്ട്. ഇത് ആരും പറയില്ല ഇതിന് ഏതാനും കോടികളേ വേണ്ടൂ. പുതിയ അണക്ക് എത്രായിരം കോടിവേണം? എത്രമാത്രം കമ്മീഷൻ! എത്ര കൊല്ല ത്തേക്ക്? സുരക്ഷ അണ പൂർത്തിയാ യാൽ മാത്രം മതിയോ.......?

(2012 ജനുവരി –
ഒരേ ഭൂമി ഒരേ ജീവൻ മുഖപ്രസംഗം) ❏

# മാനസിക രോഗികളിൽ മരുന്ന് പരീക്ഷണം

റോബിൻ കുക്ക് രചിച്ച പ്രസിദ്ധ നോവൽ 'കോമ' പോലെത്തന്നെ. മധ്യപ്രദേശിൽ ഇൻഡോറിലെ സർക്കാർ സർവ്വീസിലും പൊതുമേഖലയിലുമുള്ള ഡോക്ടർമാർ 233 രോഗികളിൽ നടത്തിയ പരീക്ഷണത്തെക്കുറിച്ച് വായിച്ചപ്പോൾ, 'കോമ'യിൽ സാമൂഹ്യപ്രതിബന്ധതയുള്ള ഒരു വൈദ്യശാസ്ത്ര വിദ്യാർത്ഥി, ഡോക്ടർമാർ പാവപ്പെട്ട രോഗികളിൽ ഔഷധ നിർമ്മാണ സ്ഥാപനങ്ങൾക്കുവേണ്ടി നടത്തിയ പരീക്ഷണങ്ങൾ വെളിപ്പെടുത്തിയത് ഓർത്തുപോയി.

ഇൻഡോറിലെ ഒരു പ്രമുഖ സർക്കാർ ആശുപത്രിയിലെ റസിഡന്റ് ഡോക്ടറാണ് വിവിധ ആശുപത്രികളിൽ നടത്തുന്ന അധാർമ്മിക ചൂഷണങ്ങൾ വെളിപ്പെടുത്തിയത്. ഉടനടി ആദർശവാനായ യുവ ഡോക്ടറെ പിരിച്ചുവിട്ടു. നിബന്ധനകളും മാനദണ്ഡങ്ങളും പാലിക്കാതെ 2008 ജനുവരിക്കും 2010 ഒക്ടോബറിനും ഇടയിലാണ് മാനസികാസ്വാസ്ഥ്യമുള്ളവരിൽ മരുന്നു പരീക്ഷണങ്ങൾ നടത്തിയത്.

പരീക്ഷണങ്ങൾക്കിരയായ രോഗികളിൽ പലരും മരണമടഞ്ഞു. വിവരം പുറത്തായി ജനങ്ങൾ ഇളകിയപ്പോൾ 12 ഡോക്ടർമാർക്കെതിരെ സർക്കാർ നടപടിയെടുത്തു. 500 രൂപ വീതം പിഴ! ആസ്പത്രികളിലെ എത്തിക്സ് കമ്മിറ്റികളുടെ അംഗീകാരം ലഭിച്ചതിന്നു ശേഷമാണ് തങ്ങൾ രോഗികളെ 'പരീക്ഷണപ്പന്നി'കളാക്കിയതെന്ന് ഡോക്ടർമാർ പറയുന്നു. മാധ്യമ വാർത്തകൾ ശ്രദ്ധയിൽപെട്ട മനുഷ്യാവകാശ കമ്മീഷൻ സംസ്ഥാന സർക്കാരിനോട് വിശദമായ റിപ്പോർട്ട് ആവശ്യപ്പെട്ടിരിക്കുകയാണ്.

മാനസികാസ്വാസ്ഥ്യമുള്ളവരുൾപ്പെടെ ഏതു രോഗിയിലും ക്ലിനിക്കൽ പരീക്ഷണങ്ങൾ നടത്തുന്നതിന്റെ വ്യക്തമായ മാർഗനിർദ്ദേശങ്ങളും നിബന്ധനകളും അനുശാസിക്കുന്ന ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് ആക്ടിലെ 'വൈ' പട്ടികയുടെ ലംഘനമാണ് ഇൻഡോറിലെ സർക്കാർ-സ്വകാര്യ ആസ്പത്രികളിൽ നടന്നിരിക്കുന്നത്. മനുഷ്യരിൽ ബയോമെഡിക്കൽ പരീക്ഷണങ്ങൾ നടത്തുന്നതു സംബന്ധിച്ച 'എത്തിക്കൽ' നിബന്ധനകളും ഇവിടെ ലംഘിക്കപ്പെടുന്നുവെന്ന് രഹസ്യം പുറത്തുവിട്ട റസിഡന്റ് ഡോക്ടർ ആനന്ദ് റായ് വ്യക്തമാക്കുന്നു. ദേശീയ മനുഷ്യാവകാശ കമ്മീഷൻ ഒരു മാസത്തിന്നകം റിപ്പോർട്ട് നൽകണമെന്ന് സംസ്ഥാന മനുഷ്യാവകാശ കമ്മീഷനോട് 23ന് ആവശ്യപ്പെട്ടുവെങ്കിലും ഒരു നീക്കവുമുണ്ടായിട്ടില്ലെന്നതാണ് വാസ്തവം.

ക്ലിനിക്കൽ പരിശോധനകൾ നിയന്ത്രിക്കുന്നതു സംബന്ധിച്ച ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് നിയമ(1945)ത്തിന് കേന്ദ്ര ആരോഗ്യമന്ത്രാലയം കഴിഞ്ഞ നവംബറിൽ ഭേദഗതികൾ നിർദ്ദേശിച്ചിരുന്നു. ഇതു സംബന്ധിച്ച 1945ലെ ആക്ടിനു കീഴിൽ പ്രവർത്തിക്കുന്ന ഡ്രഗ്സ് ടെക്കനിക്കൽ അഡ്വൈസറി കമ്മിറ്റിയുടെ അംഗീകാരം ഈ ഭേദഗതികൾക്കു ലഭിച്ചിരുന്നു. പുതിയ നിയമത്തിന്റെ (മൂന്നാമത്തെ ഭേദഗതി) കരട് നിർദ്ദേശങ്ങളാണ് കേന്ദ്ര ആരോഗ്യമന്ത്രാലയം നിർദ്ദേശിച്ചത്. ഇരകൾക്ക് കൂടുതൽ സുരക്ഷിതത്വവും സംരക്ഷണവും നൽകുകയെന്ന ഉദ്ദേശ്യത്തോടെ കൊണ്ടുവന്ന ഈ നർദ്ദേശങ്ങൾക്ക്, പക്ഷെ, വേണ്ടത്ര പ്രചാരണവും പ്രതികരണവും ലഭിച്ചില്ല.



കേന്ദ്ര ഔഷധ നിലവാര നിയന്ത്രണ സംഘടനയുടെ വെബ്സൈറ്റിൽ പോസ്റ്റ് ചെയ്ത വിജ്ഞാപനം ഏറെ വൈകിയാണ് പൊതുജനാരോഗ്യ പ്രവർത്തകരുടെ ശ്രദ്ധയിൽ പെട്ടത്. വെബ് സൈറ്റുകൾ സ്ഥിരം സന്ദർശിക്കുന്നവർ കുറവാണല്ലോ. പലരും വിവരമറിഞ്ഞു വരുമ്പോഴേക്കും സമയപരിധി 45 ദിവസം അവസാനിച്ചിരുന്നു. അതീവ സങ്കീർണ്ണമായ ഈ വിഷയത്തെക്കുറിച്ച് പഠിച്ചു പ്രതികരിക്കാൻ കുറച്ചുകൂടി സമയമനുവദിക്കണമെന്ന് പൊതുജനാരോഗ്യ പ്രവർത്തകർ ആവശ്യപ്പെട്ടിരിക്കുകയാണ്.

പരീക്ഷണത്തിന്നിരയായി അപകടം സംഭവിക്കുകയോ മരണമടയുകയോ ചെയ്താൽ നഷ്ടപരിഹാരസംഖ്യ വർധിപ്പിക്കുമെന്നും എത്തിക്കൽ കമ്മറ്റികളുടെ ഉത്തരവാദിത്തം വർധിപ്പിക്കുമെന്നും നിർദ്ദേശങ്ങളുള്ളതായി കേന്ദ്ര ആരോഗ്യ മന്ത്രാലയം അവകാശപ്പെടുന്നുണ്ട്. എന്നാൽ ഉത്തരവാദിത്തമില്ലാത്ത എത്തിക്കൽ കമ്മിറ്റികൾക്ക് ഉത്തരവാദിത്തം വർധിപ്പിച്ചു കൊടുക്കുന്നത് ഗുണത്തേക്കാളേറെ ദോഷമാണ് വരുത്തിവെക്കുകയെന്ന് പൊതുജനാരോഗ്യ സംഘടനകൾ വിമർശിക്കുന്നു. പല ആശുപത്രികളിലെയും എത്തിക്കൽ കമ്മിറ്റി അംഗങ്ങൾ ഔഷധ നിർമ്മാണ കമ്പനികളുടെ ഒത്താശക്കാരാണ്. അതുകൊണ്ടുതന്നെ എത്തിക്കൽ കമ്മിറ്റിയുടെ തീരുമാനം അന്തിമമാണെന്ന നിർദ്ദേശം സ്വീകരിക്കാനാവില്ല.

2007 ജൂലൈക്കും 2011 ഫെബ്രുവരിക്കുമിടയിൽ 1622 ക്ലിനിക്കൽ പരീക്ഷണങ്ങൾ നടന്നിട്ടുണ്ടെന്ന് രാജ്യസഭയിൽ ഒരു ചോദ്യത്തിന്നുത്തരമായി വ്യക്തമാക്കിയിട്ടുണ്ട്. (2009 ജൂൺ 15നാണ് ഇത്തരം ചൂഷണങ്ങൾ രജിസ്റ്റർ ചെയ്യൽ നിർബ്ബന്ധമാണെന്ന് ഇന്ത്യൻ കൗൺസിൽ ഓഫ് മെഡിക്കൽ റിസർച്ച് വിജ്ഞാപനം പുറപ്പെടുവിച്ചത്) ഇതിൽ 2008 ൽ 288ഉം 2009ൽ 637ഉം 2010 ആഗസ്റ്റ് വരെ 597ഉം പേർ മരണമടഞ്ഞു. മധ്യപ്രദേശത്ത് നടക്കുന്ന വ്യാജ ക്ലിനിക്കൽ പരീക്ഷണങ്ങളിൽ 2000 പേർക്കെങ്കിലും ജീവൻ നഷ്ടപ്പെട്ടതായി ആരോപിക്കപ്പെടുന്നു. 2006 മുതൽ 4 വർഷത്തെ ഏകദേശ കണക്കാണിത്. കുട്ടികളും മാനസിക രോഗമുള്ളവരമാണ് ബലിയാടുകൾ.

വിവരാവകാശ നിയമമനുസരിച്ചാണ് ആനന്ദ് റായ് ക്ലിനിക്കൽ പരീക്ഷണങ്ങളുടെ പേരിൽ നടക്കുന്ന മനുഷ്യക്കുരുതികളുടെ വിശദാംശങ്ങൾ ശേഖരിച്ചത്. ജോലി നഷ്ടപ്പെട്ടതിൽ ഖേദമില്ലെന്നും ഡോക്ടർമാരും ആശുപത്രികളും ഔഷധനിർമ്മാണ കമ്പനികളും ചേർന്നു നടത്തുന്ന നരഹത്യക്കെതിരെ മനുഷ്യമനസാക്ഷി ഉണർത്താനുള്ള ശ്രമങ്ങളിൽനിന്ന് പിറകോട്ടില്ലെന്നും മനുഷ്യസ്നേഹിയായ ഈ ഡോക്ടർ പറയുന്നു. (ഫ്രണ്ട്ലൈൻ) ❏

# ഛത്തീസ്ഗർ മനുഷ്യാവകാശ ലംഘനങ്ങൾ – തുടർക്കഥ

**ഛ**ത്തീസ്ഗർ പോലീസ് അകാരണമായി അറസ്റ്റ് ചെയ്ത് ശാരീരികമായും മാനസികമായും പീഡിപ്പിച്ചുകൊണ്ടിരിക്കുന്ന അധ്യാപിക സോണി സോരിയെ മോചിപ്പിക്കണമെന്നും സോണിയെ ക്രൂരമായി ഉപദ്രവിച്ച സൂപ്രണ്ട് അങ്കിത ഗാർഗ് ഉൾപ്പെടെയുള്ള പോലീസുകാരെ പ്രോസിക്യൂട്ട് ചെയ്യണമെന്നും ആവശ്യപ്പെട്ട് രാജ്യത്തിനകത്തും പുറത്തും പ്രക്ഷോഭം ഉയരുകയാണ്.

മാവോയിസ്റ്റുകൾക്കുവേണ്ടി എസ്സാർ ഗ്രൂപ്പിൽനിന്നു പണം വാങ്ങിയെന്ന ആരോപണമാണ് ഈ അധ്യാപകക്കെതിരെ ചുമത്തിയിരിക്കുന്നത്. സോണിയുടെ ബന്ധുവും പത്രപ്രവർത്തകനുമായ ലിംഗറാമിനെ ഇതേ ആരോപണം ചുമത്തി കഴിഞ്ഞ സെപ്തംബർ 4ന് അറസ്റ്റ് ചെയ്തിരുന്നു. തുടർന്ന് സോണിയുടെ കുടുംബത്തെ പോലീസ് വേട്ടയാടിത്തുടങ്ങി. ഭർത്താവിനെ തടവിലാക്കി. തന്നെയും പോലീസ് വെറുതെ വിടില്ലെന്നു ബോധ്യപ്പെട്ടപ്പോൾ, 12ഉം, 10ഉം, 6ഉം വയസ്സുള്ള മൂന്നു കുട്ടികളെ സഹോദരൻ രാംദേവിന്റെ അടുത്താക്കി സോണി ന്യൂ ദൽഹിയിലേക്കു രക്ഷപ്പെട്ടു. എന്നാൽ ഛത്തീസ്ഗർ പോലീസ് ആവശ്യപ്പെട്ടതനുസരിച്ച് ദൽഹി പോലീസ് സോണിയെ ഒക്ടോബർ 4ന് അറസ്റ്റ് ചെയ്തു. ഛത്തീസ്ഗർ പോലീസ് യുവതിയെ ഏറ്റുവാങ്ങി ക്രൂരമായ പീഡനങ്ങൾക്ക് വിധേയമാക്കി.

മാവോയിസ്റ്റ് ബന്ധമുൾപ്പെടെ നിരവധി കുറ്റങ്ങളാണ് സോണിക്കെതിരെ ഉന്നയിച്ചിരിക്കുന്നത്. അവരുടെ ലൈംഗികാവയവത്തിലും മലദ്വാരത്തിലും വലിയ കല്ലുകൾ കടത്തിയെന്ന് മെഡിക്കൽ റിപ്പോർട്ടിൽ പറയുന്നു. നട്ടെല്ലിനും ക്ഷതമേറ്റിട്ടുണ്ട്. ശരീരത്തിൽ വൈദ്യുതാഘാതമേൽപ്പിച്ചതായും മെഡിക്കൽ റിപ്പോർട്ടിലുണ്ട്.

മനുഷ്യാവകാശ പ്രവർത്തകർ മുറവിളിയുയർത്തിയതിനെത്തുടർന്ന് സോണിയെ വിദഗ്ധവും സ്വതന്ത്രവുമായ പരിശോധനക്ക് പശ്ചിമ ബംഗാളിലെ എൻ.ആർ.എസ്. മെഡിക്കൽ കോളേജിലേക്ക് അയക്കണമെന്ന് സുപ്രിം കോടതി ഉത്തരവിട്ടിരിക്കുകയാണ്.

ജയിലിൽ തന്നെ സന്ദർശിച്ച ഒരു ബന്ധുവിനോട് സോണി തന്റെ ദുരിതങ്ങൾ വിവരിച്ചതിലൂടെയാണ് പുറംലോകം ഈ ഭരണകൂട ഭീകരതയെക്കുറിച്ച് അറിഞ്ഞത്. തുടർന്ന് ന്യൂഡൽഹിയിൽ മനുഷ്യാവകാശ പ്രവർത്തകർ സംഘടിച്ച് സുപ്രീംകോടതിയിൽ പരാതി നൽകി. പോലീസ് സൂപ്രണ്ട് അങ്കിത ഗാർഗ് നേരിട്ട് പീഡനങ്ങൾക്ക് നേതൃത്വം നൽകുകയായിരുന്നുവെന്ന് സോണി പരാതിയിൽ വ്യക്തമാക്കുന്നുണ്ട്.

ഛത്തീസ്ഗർ പോലീസ് അതിനിടെ സോണിയുടെ കുടുംബത്തിനെതിരെ അതിക്രമങ്ങൾ ശക്തിപ്പെടുത്തിയിരിക്കുന്നു. മൂന്നു കുട്ടികളെയും വളർത്തുന്ന സഹോദരൻ രാംദേവിനെയും ഈ കേസിൽ കുടുക്കാൻ ശ്രമം നടക്കുന്നു.

ജയിലിനകത്തും പുറത്തും മനുഷ്യാവകാശ ലംഘനങ്ങളും അതിക്രമങ്ങളും നടത്തുന്നതിൽ മുമ്പേ കുപ്രസിദ്ധി നേടിയവരാണ് ഛത്തീസ്ഗർ പോലീസുകാർ. ആംനെസ്റ്റി ഇന്റർനാഷണൽ, ഹ്യൂമൻ റൈറ്റ്സ് വാച്ച്, പി.യു.സി.എൽ, പി.യു.ഡി.ആർ. തുടങ്ങിയ മനുഷ്യാവകാശ പ്രസ്ഥാനങ്ങൾ ഇക്കാര്യം നേരത്തെ എടുത്തുകാട്ടിയിട്ടുണ്ട്. സുപ്രീം കോടതിയും സംസ്ഥാന സർക്കാരിനെ മനുഷ്യാവകാശ ലംഘനങ്ങളുടെ പേരിൽ നിശിതമായി വിമർശിച്ചിട്ടുണ്ട്. പക്ഷെ എല്ലാറ്റിനും പുല്ലുവില! ❏



കവർസ്റ്റോറി

# നീതിയുടെ ശബ്ദം 'ജനനീതി'യുടെ മിത്രം

– പ്രൊഫ. കുസുമം ജോസഫ് –

**2**012 ജനുവരി 24ന് രാവിലെ അഴിക്കോട് മാഷ് മരിച്ചപ്പോൾ മഹാമൗനത്തിലേക്ക് വീണുപോയത് നീതിക്കുവേണ്ടിയുള്ള നിലവിളിയാണ്. കഴിഞ്ഞ പത്ത്നാല്പത് വർഷമായി കേരളത്തിലെ രാഷ്ട്രീയ സാമൂഹ്യ സാംസ്കാരിക മേഖല കാതുകൂർപ്പിച്ചത് ആ സാഗര ഗംഭീരതയുയരുന്നത് കേൾക്കാനായിരുന്നു. അനീതിയാണെന്ന് ബോദ്ധ്യപ്പെട്ടാൽ എന്തിനും ഏതിനും അദ്ദേഹം പ്രതികരിക്കുമായിരുന്നു. ചിലർക്ക് അതനാവശ്യമാണെന്ന് തോന്നിയിരിക്കാം. പലർക്കും അസൗകര്യമുണ്ടാക്കിയിരിക്കാം. അത്തരക്കാർ, ഇദ്ദേഹമെന്തിനാണ് ഇത്തരം വിഷയങ്ങളിൽ അഭിപ്രായം പറയുന്നത് എന്ന് അസ്വസ്ഥത പ്രകടിപ്പിച്ചിരിക്കാം. പക്ഷെ ആർക്കെല്ലാം അലോരസമുണ്ടായാലും അനീതി അനുഭവിക്കുന്ന മനുഷ്യർ, നീതി നിഷേധിക്കപ്പെട്ട ജനം



ഡോ. സുകുമാർ അഴീക്കോട്

അദ്ദേഹത്തിന്റെ ശബ്ദത്തിനായി കാത്തു. അഴീക്കോടിനെക്കൊണ്ട് പ്രതികരിപ്പിക്കാനായി സ്വാധീനം ഉപയോഗിച്ചു. നാട്ടിലേത് വിഷയത്തിലും അഴീക്കോട് എന്ത് പറയുന്നു എന്നറിയാൻ സകല മാധ്യമങ്ങളും പേനയും കടലാസും മൈക്കും ക്യാമറയുമായി പിന്നാലെ തേടിച്ചെന്നു. മൈക്കിനു പിന്നിൽ ആ ചെറിയ രൂപം കാണാനും വ്യത്യസ്തതയുള്ള ശബ്ദവും അതിലും വ്യത്യസ്തമായ താളവും അംഗവിക്ഷേപങ്ങളും ചേർന്ന ഉറച്ച നിലപാടുകളും കടുത്ത വിമർശനങ്ങളും കേൾക്കാനും ജനം ഒഴുകി നിറഞ്ഞു. എല്ലാ സായാഹ്നങ്ങളിലും കേരളത്തിൽ ഏതെങ്കിലുമൊരിടത്ത് സുകുമാർ അഴീക്കോട് പ്രസംഗിക്കും, എല്ലാ പ്രഭാതവും അദ്ദേഹത്തിന്റെ ചിത്രവും വാക്കുകളും പതിഞ്ഞ പത്രത്തോടെ ആരംഭിക്കും. ഇത് മലയാളിയുടെ ഒരു ക്രമമായി മാറിയിരുന്നു. ആ ക്രമത്തിനാണ് മാറ്റം വന്നിരിക്കുന്നത്. കഴിഞ്ഞ ദിവസം തൃശൂരിലെ ഒരു വേദിയിൽ പ്രസംഗിക്കവെ മുൻമന്ത്രി മുല്ലക്കര രത്നാകരൻ അഴീക്കോടിനെ അനുസ്മരിച്ചു. ചെന്നൈയിൽ വിദ്യാർത്ഥി അദ്ധ്യാപികയെ കൊലപ്പെടുത്തിയതിനെ പരാമർശിച്ച് അദ്ദേഹം പറഞ്ഞു. ഇത്തരം സന്ദർഭങ്ങളിലാണ് മാഷ് മരിച്ചതിൽ വലിയ ഖേദം തോന്നുന്നത്. മാഷുണ്ടായിരുന്നെങ്കിൽ എല്ലാ രക്ഷാകർത്താക്കൾക്കും ആത്മപരിശോധനക്ക് ഉതകുന്ന ഒരൊറ്റ വാചകം പറയുമായിരുന്നു.

കേരളത്തിലെ മനുഷ്യാവകാശ പരിസ്ഥിതി പ്രവർത്തകർക്ക് എപ്പോഴും ആശ്രയിക്കാവുന്ന ശക്തമായ ഒരു പ്രതിരോധ മതിലായിരുന്നു അഴീക്കോട് മാഷ്. ലാലൂരിനും, കാതിക്കൂടത്തിനും, അതിരപ്പിള്ളിക്കും അദ്ദേഹം സംരക്ഷണകവചവുമായി ഉറച്ചുനിന്നു. അവിടങ്ങളിലെ സമരങ്ങൾക്ക് അദ്ദേഹത്തിന്റെ വാക്കും സാന്നിദ്ധ്യവും നൽകിയ ഊർജ്ജം വളരെ വലുതായിരുന്നു.

ജനനീതിയുടെ ജനനം മുതൽ പ്രിയമിത്രമായി, ഉപദേഷ്ടാവായി, ആദരണീയനായ അതിഥിയായി കൂടെ നിൽക്കാൻ അഴീക്കോട് മാഷ് ശ്രമിച്ചിട്ടുണ്ട്. 1992ൽ ഡിസംബർ 30ന് ജനനീതി ഉത്ഘാടനം ചെയ്യപ്പെടുന്ന യോഗത്തിൽ മുഖ്യപ്രഭാഷണം നടത്തിക്കൊണ്ട് ആരംഭിച്ച ആത്മബന്ധം അവസാനംവരെ തുടർന്നുപോന്നു. അന്നത്തെ പ്രമുഖരായ പി പി ഉമ്മർകോയ, ഫാദർ വടക്കൻ, ജസ്റ്റീസ് ടി. എൻ. വിശ്വനാഥയ്യർ, ജസ്റ്റീസ് ടി. ചന്ദ്രശേഖരമേനോൻ എന്നിവരും പങ്കെടുത്തിരുന്നു. സുകുമാർ അഴിക്കോടിന്റെ പ്രഭാഷണ ചരിത്രത്തിലെ നാഴികക്കല്ലായ പ്രഭാഷണ സപ്താഹം ജനനീതിയുടെ പരിപാടിയായിരുന്നു. ഈ കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ അദ്ദേഹം നടത്തിയ രാമായണ പ്രഭാഷണങ്ങളെക്കാൾ വൻതോതിലുള്ള ജനസാന്നിദ്ധ്യംകൊണ്ട് ശ്രദ്ധേയമായിരുന്നു തൃശൂർ പബ്ലിക് ലൈബ്രറിയുടെ മുന്നിൽ നടത്തിയ 'എന്താണ് ഭാരതീയത' എന്ന ആ പ്രഭാഷണ പരമ്പര. ദിനംപ്രതി ആയിരത്തി അഞ്ഞൂറോളം ആളുകൾ ശ്രോതാക്കളായി അദ്ദേഹത്തിനു ചുറ്റും കൂടി. ഓരോ ദിവസവും ഓരോ വിഷയത്തെ കേന്ദ്രീകരിച്ച് രണ്ട് മണിക്കൂർ നീണ്ട പ്രഭാഷണം. ഈ പ്രഭാഷണങ്ങൾ പിന്നീട് പുസ്തകമായും പുറത്തുവന്നു.

പ്രഭാഷണ സപ്താഹത്തിൽനിന്ന് ആവേശമുൾക്കൊണ്ട് ഗാട്ട് കരാറിനെപ്പറ്റി എട്ടു ദിവസത്തെ പ്രഭാഷണം തുടങ്ങിവെച്ചതും സുകുമാർ അഴീക്കോട് തന്നെ. ജനനീതി സംഘടിപ്പിച്ച ഇരുപത്തി ഒന്ന് ആഴ്ചകളിലായി നടത്തിയ 'ജനാധിപത്യത്തിന്റെ വെല്ലുവിളികൾ' എന്ന പ്രഭാഷണ പരമ്പര ഉത്ഘാടനം ചെയ്തതും അദ്ദേഹമായിരുന്നു. ജനനീതിയുടെ എല്ലാ സംരംഭങ്ങളിലും സഹകരിക്കുമ്പോഴും ഒരിക്കൽപോലും



പ്രഭാഷണത്തിനോ യാത്രപ്പടിയായോ ഒരു പൈസയും അദ്ദേഹത്തിന് കൊടുത്തിട്ടില്ല. പ്രസംഗത്തിന് പണം കിട്ടണം എന്ന് ധീരമായി ആവശ്യപ്പെട്ടിരുന്ന മാഷ് ഒരിക്കലും ജനനീതി നടത്തിയ പരിപാടികളിൽ പങ്കെടുത്തതിന്

പണം ആവശ്യപ്പെട്ടിട്ടില്ല. കണ്ണൂരിൽ ജനിച്ച് കോഴിക്കോട് ജീവിച്ച് അദ്ധ്യാപകനും രാഷ്ട്രീയക്കാരനും പ്രഭാഷകനുമായി സർവ്വകലാശാലയിൽനിന്ന് പിരിഞ്ഞ് വിയ്യൂരിലും എരവിമംഗലത്തും താമസിച്ച് തൃശൂരിന്റേതായി അഴിക്കോട് മാഷ് മാറി. തത്ത്വമസി, ശങ്കരക്കുറുപ്പ് വിമർശിക്കപ്പെടുന്നു, ആശാന്റെ സീതാവാക്യം തുടങ്ങി പ്രമുഖങ്ങളായ ഒട്ടനവധി കൃതികൾ അദ്ദേഹത്തിന്റേതാണ്. അക്കാദമികളുടേതുൾപ്പെടെ നിരവധി പുരസ്കാരങ്ങളും മാഷിനെ തേടിയെത്തി. പ്രഭാഷകനായി, സാംസ്കാരിക നായകനായി, സാഹിത്യകാരനായി പകർന്നാട്ടം നടത്തിക്കൊണ്ടിരുന്ന അഴീക്കോട് മാഷ് എല്ലാക്കാലത്തും അദ്ധ്യാപകനായി അറിയപ്പെടാൻ ആഗ്രഹിച്ചു. അദ്ദേഹത്തിന്റെ ക്ലാസിൽ ഒരു ദിവസമെങ്കിലും ഇരുന്നിട്ടുള്ള ഭാഗ്യശാലികൾ മാഷിന്റെ മറ്റൊരു വേഷത്തിലും അത്രയൊന്നും അഭിരമിക്കാറില്ല. ഓരോ വിദ്യാർത്ഥിയുടെയും ഓർമ്മയിൽ അറിവായി, അനുഭവമായി, അലിവായി ആ അദൃശ്യ സാന്നിദ്ധ്യം ഉണ്ടാകും. ❑

# ഒരു അയിത്ത മതിൽകൂടി തകർന്നു

**ഒ**രു മതിൽകൂടി ജനം തകർത്തു. ജാതിവ്യവസ്ഥയും അയിത്തവും ഇന്നും ആടിത്തിമർക്കുന്ന തമിഴ്നാട്ടിലെ സേലം ജില്ലയിൽ ജനരോഷത്തിനു മുന്നിൽ രണ്ടുമാസത്തിനുള്ളിൽ തകർന്നടിഞ്ഞ മൂന്നാമത്തെ മതിൽ.

ശങ്ക ഗിരിക്കടുത്ത സന്യാസി ഭൂമിയിൽ സവർണ ഹിന്ദുക്കൾ കഴിഞ്ഞ നവംബർ 29 അർധരാത്രി നിർമ്മിച്ച നാലടി പൊക്കം 20 അടി നീളമുള്ള 'അയിത്തമതി'ലാണ് അഞ്ചുദിവസത്തെ അനിയന്ത്രിതമായ ദളിത് പ്രക്ഷോഭത്തിന്നു ഒടുവിൽ പൊളിച്ചുമാറ്റിയത്. റവന്യൂ അധികൃതർ ഇടപെട്ട് നിർമ്മാതാക്കളെക്കൊണ്ടുതന്നെ മതിൽ പൊളിപ്പിക്കുകയായിരുന്നു.

ഇരുന്നൂറ് ദളിത് കുടുംബങ്ങൾ താമസിക്കുന്ന അരുന്ധതിയാർ കോളനിയിലേക്ക് യാത്രാസൗകര്യം ഒരുക്കുന്നതിന് ഗ്രാമപഞ്ചായത്ത് നാലുവർഷം മുമ്പ് നിർമ്മിച്ച റോഡിലാണ് ജാതിഹിന്ദുക്കൾ അയിത്തമതിൽ കെട്ടിയത്. അടുത്തുള്ള ഒരു ക്ഷേത്രത്തിന്റെ നടത്തിപ്പുകാർക്ക് തൊട്ടടുത്തുള്ള കോളനി മനംപുരട്ടലുണ്ടാക്കുന്നുവത്രേ!

സേലം നഗരത്തിന്റെ ഹൃദയഭാഗത്തുണ്ടായിരുന്ന ഒരു മതിലാണ് ജനരോഷത്തിനു മുന്നിൽ രണ്ടുമാസത്തിനിടയിൽ ആദ്യം തകർന്നത്. ദളിതരെ 'മാന്യ'രിൽനിന്നു മാറ്റി നിർത്തിയ മതിലായിരുന്നു അത്. തുടർന്ന് ഓമല്ലൂരിനടുത്ത് നിലനിന്നിരുന്ന ഇത്തരത്തിലുള്ള മറ്റൊരു മതിലും ദളിതർ തകർത്തു. ❑

# ജനകീയ പാർലമെന്റ്

**2012 മാർച്ച് 19 മുതൽ 23 വരെ**

**ന്യൂഡൽഹിയിൽ**

നമ്മുടെ രാഷ്ട്രം സമ്പത്തു കൊണ്ടും വൈവിദ്ധ്യംകൊണ്ടും ഏറെ സമ്പന്നമാണെങ്കിലും ഭരണഘടന വിഭാവനം ചെയ്യുന്ന സ്വാതന്ത്ര്യവും സമത്വവും നീതിയും ഇന്ന് ഏറെ അകലെയാണ്. രാജ്യത്തിലെ സമ്പത്തും സൗകര്യങ്ങളും ഒരു ചെറിയ ശതമാനത്തിന്റെ നിയന്ത്രണത്തിലാകുകയും ബഹുഭൂരിപക്ഷവും വൻദുരിതത്തിലേക്ക് വലിച്ചിഴക്കപ്പെടുകയും ചെയ്തിരിക്കുന്നു. ഈ അതിസമ്പന്നരുടെ സൗകര്യത്തിനുവേണ്ടി അതിവേഗ പാതകളും സ്വകാര്യ വിമാനത്താവളങ്ങളും കുറഞ്ഞ നിരക്കിലെ വിമാനയാത്രകളും ലഭ്യമാകുമ്പോൾ മറുവശത്ത് ലക്ഷക്കണക്കിന് കർഷകർ കടക്കെണിയിൽപ്പെട്ട് ആത്മഹത്യ ചെയ്യുന്നു. ആദിവാസികളടക്കമുള്ളവരുടെ ഭൂമിയും വിഭവങ്ങളും കൊള്ളയടിക്കപ്പെടുന്നു. ഇതുപോലെ തന്നെ വികസനത്തിന്റെ ഇരകളാകുന്ന നഗര ദരിദ്രരും. വൻകിട വികസനത്തിന്റേയും അഴിമതികളുടേയും ഇരകളാക്കപ്പെടുന്നവർ നടത്തുന്ന പോരാട്ടം മാധ്യമങ്ങൾക്കും വാർത്തയാകുന്നില്ല. ഭരണകൂട ഹിംസയെ പ്രതിഹിംസ കൊണ്ടു നേരിടാൻ ചിലർ ശ്രമിക്കുന്നതുവഴി ഭരണകൂട ഹിംസ ന്യായീകരിക്കപ്പെടുന്നുണ്ട് ചിലപ്പോഴെങ്കിലും.

ആദിവാസികൾ, ദളിതർ, ഭൂരഹിത-ദരിദ്ര കർഷകർ, തൊഴിലാളികൾ പ്രത്യേകിച്ചും അസംഘടിത വിഭാഗം, നഗര ദരിദ്രർ, ചെറുകിടകച്ചവടക്കാർ തുടങ്ങിയവരെ പൗരന്മാരായി പരിഗണിക്കുന്ന ഒരു സർക്കാർ ഇന്നില്ല. ജനാധിപത്യത്തിന്റെ എല്ലാ കോണുകളളും ദ്രവിച്ചിരിക്കുന്നു. കോർപ്പറേറ്റ് വൽക്കരിക്കപ്പെട്ട ജനാധിപത്യത്തിൽ അവകാശ പോരാട്ടങ്ങൾ അനുദിനം പെരുകിക്കൊണ്ടിരിക്കുന്നു. ഏറ്റവും താഴെതട്ടിൽ വരെ വേരുള്ള ഒരു ജനാധിപത്യത്തിനു മാത്രമേ തീരുമാനങ്ങളെ ജനപക്ഷമായി സ്വാധീനിക്കാനും ജനങ്ങളിൽ വിശ്വാസമുണർത്താനും കഴിയൂ എന്നതുകൊണ്ടുതന്നെ അതിനു കഴിയുന്ന ഒരു പാർലമെന്റ് രൂപപ്പെടുത്തണമെന്ന് എൻ. എ.പി. എം. തീരുമാനിക്കുകയാണുണ്ടായത്.

**എന്താണ് ജനകീയ പാർലമെന്റ്?**

അഞ്ച് വർഷത്തിലൊരിക്കൽ വോട്ടു ചെയ്ത് ഒരു സർക്കാരിനെ സൃഷ്ടിക്കുന്നു എന്നതുകൊണ്ടുമാത്രം "ജനങ്ങൾക്കുവേണ്ടി ജനങ്ങൾ തെരഞ്ഞെടുക്കുന്ന ജനങ്ങളുടെ സർക്കാർ" ഉണ്ടാകുന്നില്ല. ഇന്നത്തെ ജനപ്രതിനിധികൾ ശരിയായ അർത്ഥത്തിൽ ജനങ്ങളെ പ്രതിനിധീകരിക്കുന്നില്ല. സർക്കാരും രാഷ്ട്രീയ കക്ഷികളും ഉദ്യാഗസ്ഥരും നിർമ്മാണ ലോബികളും കോർപ്പറേറ്റുകളും തമ്മിലുള്ള അവിശുദ്ധ കൂട്ടുകെട്ട് ജനങ്ങൾക്കു നേരെയുള്ള പ്രഖ്യാപനം നടത്തുകയാണ്. ജീവിക്കാനും ജീവനോപാധികൾക്കും വിഭവങ്ങൾക്കുമേലുള്ള അവകാശം സംരക്ഷിക്കാനും അനേകകാലമായി നാം നടത്തിവരുന്ന പൊതു തെളിവെടുപ്പുകളും ട്രിബ്യൂണലുകളും കൊണ്ടുമാത്രം കഴിയുന്നില്ലെന്നു കണ്ടതിനാലാണ് ജനകീയ പാർലമെന്റ് എന്ന ആശയം ഉയർന്നുവന്നത്.

അഞ്ഞൂറിലധികം അംഗങ്ങളുള്ളതാണ് ഈ പാർലമെന്റ്, 20ൽപരം സംസ്ഥാനങ്ങളിൽ സമരം നടത്തുന്ന സംഘടനകളുടെ ഈ രണ്ടു പ്രതിനിധികൾ വീതം ഇതിൽ അംഗങ്ങളായിരിക്കും. ഇവരെ സമവായത്തിലൂടെ തെരഞ്ഞെടുക്കും. പാർലമെന്റിന്റെ മൂന്നിൽ രണ്ടു ഭാഗം (67 ശതമാനം) ഇവരായിരിക്കും. ബാക്കി വരുന്ന 33 ശതമാനം വിദഗ്ദ്ധരും വിവിധ മേഖലകളിൽ കഴിവുതെളിയിച്ചിട്ടുള്ള ബുദ്ധിജീവികളുമായിരിക്കും. ജനകീയ പ്രസ്ഥാനങ്ങളിൽ പങ്കെടുക്കുന്നവരും അഹിംസാത്മക സമരരീതി പൂർണ്ണമായി അംഗീകരിക്കുന്നവരും വർഗ്ഗീയ രാഷ്ട്രീയവുമായി ബന്ധപ്പെടാത്തവരുമായിരിക്കും ഈ ജനസഭയിൽ ഉണ്ടാകുക.






**ജനകീയ പാർലമെന്റ് എന്തിനു വേണ്ടി?**

* കോർപ്പറേറ്റ് സാമ്രാജ്യത്വത്തിനും സൈനികവൽക്കരണത്തിനും ജാതി-മത-രാഷ്ട്രീയത്തിനുമെതിരാണ്.

* ആഭ്യന്തര-ബാഹ്യ മുതലാളിത്ത ശക്തികൾ തീരുമാനിക്കുന്ന നയങ്ങൾക്ക് നടക്കുന്ന നിയമനിർമ്മാണങ്ങൾക്ക് എതിരായിരിക്കും

* സുതാര്യമായി രൂപീകരിക്കപ്പെടുന്ന നയങ്ങൾക്കും ജനാധിപത്യപരമായ ആസൂത്രണത്തിനും വേണ്ടി നിലകൊള്ളും

* ജനകീയ പ്രസ്ഥാനങ്ങളെയും സംഘടനകളേയും സാമൂഹ്യാവസ്ഥയിൽ ആശങ്കയുള്ള പൗരന്മാരെയും ഇരകളാക്കപ്പെടുന്നവരേയും ഒരുമിച്ചു കൊണ്ടുവരിക.

**പ്രധാന വിഷയങ്ങൾ**

1. ഭൂമി, ജലം, വനം, ധാതുക്കൾ, കടൽ, കടലോരം തുടങ്ങിയവയുടെയെല്ലാം നിയന്ത്രണം, വികസനാസൂത്രണത്തിലെ സാമൂഹ്യ പങ്കാളിത്തം.

2. കർഷകരും ആദിവാസികളും പുറത്തെറിയപ്പെടുന്നവരും നഗര ദരിദ്രരും ചെറുകിട കച്ചവടക്കാരുമെല്ലാം ചേർന്ന് ഈ അസമത്വത്തെ വെല്ലുവിളിക്കണം.

3. തെരഞ്ഞെടുപ്പുകളെ ശരിയായ അർത്ഥത്തിൽ ജനകീയമാക്കാൻ വേണ്ട പരിഷ്കാരങ്ങൾ കൊണ്ടുവരണം.

4. അഴിമതിയെ വിശാലമായ അർത്ഥത്തിൽ കണ്ട് പരിഹാര നടപടികൾ സ്വീകരിക്കണം.

2012 മാർച്ച് 19 മുതൽ 23 വരെയാണ് ഡൽഹിയിൽ ഈ പാർലമെന്റ് ചേരുന്നത്. ജനശക്തി സമ്മേളനമാണ് 19ന് നടക്കുന്നത്. 20 മുതൽ 22 വരെയാണ് ജനകീയ പാർലമെന്റ് സമ്മേളനം. തുടർന്ന് 22 ന് വേകീട്ടും 23 രാവിലെയും പാർലമെന്റ് മാർച്ച് നടക്കുന്നു. വിവിധ കക്ഷികളിൽപ്പെട്ട ജനപ്രതിനിധികളും ഈ കമ്മേളനത്തിൽ പങ്കെടുക്കുന്നുണ്ട്. ജനകീയ പ്രശ്നങ്ങൾ സംബന്ധിച്ച് നിർണ്ണായകമായ പ്രമേയങ്ങളും സദസ്സിൽ പാസാക്കുന്നു. ❑

# ദേശീയ പാതയിൽ ബി.ഒ.ടി.യുടെ പേരിൽ പകൽകൊള്ള

എൻ.എച്ച്. 47 ഇടപള്ളി-മണ്ണുത്തി ദേശീയ പാത ടോൾപിരിവിന്നെതിരായി പാലിയേക്കരയിൽ നടക്കുന്ന സമരത്തെക്കുറിച്ച് സി.ആർ. നീലകണ്ഠൻ എഴുതുന്നു.

മണ്ണുത്തി മുതൽ അങ്കമാലി വരെ 39.5 കിലോ മീറ്റർ ദൂരം നാലുവരിപ്പാതയാക്കാൻ 2005ൽ നാഷണൽ ഹൈവേ അതോറിറ്റി വിളിച്ച ടെണ്ടറിൽ തിരഞ്ഞെടുക്കപ്പെട്ടത് ആന്ധ്രയിലെ കെ.എം.സി.യും സ്രെയി കമ്പനിയും ചേർന്ന കൺസോർഷ്യമാണ്. എന്നാൽ ഇവർ ഈ ജോലി ഒരു പുതിയ കമ്പനിയായ ജി.ഐ.പി.എല്ലിനെ ഏൽപ്പിച്ചു. ഇത് നിയമ വിരുദ്ധമാണ്. കാരണം, ജി.ഐ.പി.എൽ. എന്ന കമ്പനി രൂപം കൊള്ളുന്നത്തന്നെ 2005 നവംബർ 24നാണ്. ടെണ്ടർ നടപടികൾ പൂർത്തിയാക്കിയത് 2005 സെപ്തംബറിലാണ്. ജി.ഐ.പി.എൽ. എന്ന കമ്പനിക്ക് ഒരു ജോലിയിലും യാതൊരു താൽപര്യവുമില്ല. ഇതൊരു വലിയ അഴിമതിയാണ്.

റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാവുന്നതിന് മുമ്പുതന്നെ പാലിയേക്കരയിൽ ടോൾബൂത്തിൽ പിരിവു നടത്താൻ കമ്പനിക്ക് അനുമതി നൽകി. 2011 ഡിസംബർ 5നായിരുന്നു അത്. ജനങ്ങൾ ശക്തിയായി പ്രതിരോധിച്ചപ്പോൾ പിരിവു നിർത്തിവെച്ചു മുഖ്യമന്ത്രി ചർച്ചയ്ക്കു ക്ഷണിച്ചു. സുരക്ഷിതമായ റോഡ് ആകണമെങ്കിൽ നിരവധി കാര്യങ്ങൾകൂടി ചെയ്യേണ്ടതുണ്ട് എന്ന് ഡിസംബർ പത്തിന്റെ ചർച്ചയിൽ മുഖ്യമന്ത്രിയ്ക്കുതന്നെ ബോധ്യപ്പെട്ടു.

1. ഇരുവശത്തുമായി 80 കിലോമീറ്റർ സർവ്വീസ് റോഡ് നിർമ്മിക്കേണ്ടതുണ്ട്. കാൽനട, സൈക്കിൾ ഭാരവണ്ടികൾ, തദ്ദേശീയരുടെ ഇരുചക്ര വാഹനങ്ങൾ, ഓട്ടോറിക്ഷ മുതലായവ അതിവേഗ പാതയിലൂടെ പോകുന്നത് ഒഴിവാക്കാൻ ഇതാവശ്യമാണ്. എന്നാൽ 52 കിലോമീറ്റർ മാത്രമേ ദേശീയപാത നിർമ്മിച്ചിട്ടുള്ളൂ. അതും തുടർച്ചയായല്ലതാനും. ഇതുമൂലം എല്ലാ വാഹനങ്ങളും അതിവേഗ പാതയിലൂടെ പോകേണ്ടിവരുന്നു.

2. ഈ നാൽപതു കിലോമീറ്ററിനിടയിൽ 22 ഇടത്ത് പ്രധാന കവലകളുണ്ട്. ഈ കവലകളിൽ ബസ്സുകൾ അടക്കം നിരവധി വാഹനങ്ങളും യാത്രക്കാരും ഇടറോഡിൽനിന്ന് വന്നു ഹൈവേയിലേക്കു കയറുന്നു. ഹൈവേ മുറിച്ചുകടക്കുന്നു. എന്നാൽ, ഇതിൽ ഏഴിടത്ത് മാത്രമേ മേൽപാലങ്ങളുള്ളൂ. ബാക്കി കവലകളിൽ അടിപ്പാതകളോ സിഗ്നലുകൾപോലുമോ ഇല്ല. പലപ്പോഴും അരമണിക്കൂറും ഒരു മണിക്കൂറുംവരെ കാത്തുനിന്നാലാണ് മനുഷ്യർക്കും വാഹനങ്ങൾക്കും ഹൈവേ മുറിച്ചുകടക്കാനാകുക. ഇത് വൻതോതിൽ അപകടമുണ്ടാക്കുന്നു. ശക്തമായ സമരത്തെ തുടർന്ന് ഇതിൽ രണ്ടിടത്തുമാത്രം (കരയാംപറമ്പ്, ആമ്പല്ലൂർ) സിഗ്നലുകൾ സ്ഥാപിച്ചു. ബാക്കി പതിമൂന്നു കവലകൾ അപകടകരമായി തുടരുന്നു. ഇതിൽ ചിറങ്ങര, കൊരട്ടി, പോട്ട, ചാലക്കുടി, പുതുക്കാട് മുതലായ തിരക്കേറിയ കവലകളും പെടുന്നു.

3. ഈ പാതയിൽ ഒരിടത്ത് മാത്രമേ ആവശ്യമായ തെരുവ് വിളക്കുകൾ സ്ഥാപിച്ചിട്ടുള്ളൂ. അതും ടോൾ പ്ലാസയ്ക്ക് അടുത്ത് മാത്രം. മറ്റു ചിലയിടങ്ങളിൽ അതിനുള്ള കാലുകൾ നാട്ടിയിട്ടുണ്ടെങ്കിലും ഒന്നും തന്നെ പ്രവർത്തിച്ചു തുടങ്ങിയിട്ടില്ല. രാത്രികാലങ്ങളിൽ അതിവേഗം പായുന്ന







വാഹനങ്ങൾ തട്ടി അപകടങ്ങളുണ്ടാവുകയാണ്. കാൽനട, സൈക്കിൾ ഇരുചക്ര വാഹനങ്ങൾ മുതലായവയിൽ റോഡു മുറിച്ചു കടക്കുന്നവരെ കാണാൻ വാഹനമോടിക്കുന്നവർക്ക് കഴിയുന്നില്ല.

4. 29 ഇടത്ത് ബസ് സ്റ്റോപ്പുകൾ നിർമ്മിക്കേണ്ടതുണ്ട്. എന്നാൽ 12 ഇടത്ത് മാത്രമാണ് ഇവ നിർമ്മിച്ചിട്ടുള്ളത്. ബാക്കി സ്ഥലങ്ങളിൽ ജനങ്ങൾ അതിവേഗ പാതയിൽ ബസ്സ് കാത്തു നിൽക്കുന്നതുമൂലം അപകടങ്ങൾ ഉണ്ടാകുന്നു.

5. പ്രധാനപ്പെട്ട പാലങ്ങളിൽപ്പോലും ശരിയായ നടപ്പാതകൾ നിർമ്മിച്ചിട്ടില്ല.

ഇക്കാര്യങ്ങൾ ബോധ്യപ്പെട്ട മുഖ്യമന്ത്രി ഇവയെല്ലാം ചെയ്തശേഷമേ ടോൾ പിരിക്കൂ എന്ന് ഉറപ്പുനൽകി. എന്നാൽ ബാഹ്യമായ ചില സമ്മർദ്ദങ്ങളാൽ ആകണം 2012 ജനുവരി 15നു വീണ്ടും പോലീസ് സഹായത്തോടെ ടോൾ പിരിക്കാൻ ശ്രമം നടത്തി. എന്നാൽ ഇതും ജനങ്ങൾ തടഞ്ഞു. വീണ്ടും രണ്ടുവട്ടം മുഖ്യമന്ത്രിയും ഒരുവട്ടം ഗതാഗത വകുപ്പു മന്ത്രിയും യോഗം വിളിച്ചു. മേൽപ്പറഞ്ഞ പരാതികൾക്ക് പുറമേ താഴെ പറയുന്ന പ്രശ്നങ്ങൾകൂടി സംയുക്ത സമരസമിതി ഉന്നയിച്ചു.

1. കമ്പനി റോഡ് നിർമ്മിച്ചത് മണ്ണുത്തി മുതൽ അങ്കമാലി വരെ മാത്രമാണ്. എന്നാൽ, അവർ ടോൾ പിരിക്കുന്നത് മണ്ണുത്തിമുതൽ ഇടപ്പള്ളി വരെയുള്ള ദൂരത്തിനാണ്. ഇതുമൂലം മൊത്തം ദൂരം 66 കിലോമീറ്റർ ആണ്. നിർമ്മിക്കാത്ത റോഡിനു നിർമ്മിച്ച റോഡിന്റെ അതേ നിരക്കിൽ ടോൾ പിരിക്കുക വഴി ഇവർക്ക് കൊള്ള ലാഭമാണ് കിട്ടുന്നത്. വളരെ ചെറിയ ദൂരം മാത്രമാണെങ്കിലും ടോൾ ബൂത്തിലൂടെ കടന്നു പോകുന്ന വാഹനങ്ങൾ മൊത്തം 66 കിലോമീറ്ററിന്റെ ടോൾ നൽകണം. ഉദാഹരണം: കാറിനു ഒരു വശത്തേക്ക് പോകാൻമാത്രം 50 രൂപ നൽകണം. തിരിച്ചു വരണമെങ്കിൽ 85 രൂപ നൽകണം. ഇതുപോലെ ബസ്സിനും ട്രക്കിനുമെല്ലാം വൻതുക ടോൾ ആയി നൽകണം. ഇത് സാധാരണ മനുഷ്യരുടെ ജീവിതത്തെ സാരമായി ബാധിക്കുന്നു. തൊട്ടടുത്തുള്ള പമ്പിൽ ഡീസൽവില ലിറ്ററിന് ആറു പൈസ ഒരൊറ്റ ദിവസംകൊണ്ട് വർദ്ധിച്ചു.

പുതിയ പാതയുടെ നിർമ്മാണ ചിലവ് 312 കോടി രൂപയാണ്. ഇന്നത്തെ നിരക്കിൽ ടോൾ പിരിച്ചാൽതന്നെ മൂന്നു വർഷത്തിനകം മുടക്കുമുതലും പലിശയും അവർ തിരിച്ചു പിടിക്കും. ഒരോ വർഷവും ഉണ്ടാകുന്ന വാഹനങ്ങളുടെ പെരുപ്പവും കരാർ അനുസരിച്ച് മൊത്ത

വ്യാപാരസൂചിക ഉയരുമ്പോൾ ഉണ്ടാകുന്ന ടോൾ നിരക്കിലെ വർദ്ധനവും പരിഗണിച്ചാൽ ഇവർക്ക് അവകാശപ്പെട്ട പതിനേഴര വർഷം കൊണ്ട് 12500 കോടി രൂപ ജനങ്ങളിൽനിന്നും പിരിച്ചെടുക്കും. ഈ കൊള്ളയിൽ പല ഉന്നത രാഷ്ട്രീയ നേതാക്കൾക്കും ഉദ്യോഗസ്ഥർക്കും പങ്കുകിട്ടുന്നു എന്നതിനാലാണ് ഇവരെല്ലാം ഇതിനെ കണ്ണുമടച്ചു പിന്തുണയ്ക്കുന്നത്.

മുഖ്യമന്ത്രിയുമായുള്ള ചർച്ചയിൽ ഇതെല്ലാം അദ്ദേഹത്തിനും ബോധ്യപ്പെട്ടു. മുൻപേ ഒപ്പിട്ട കരാർ ആയതിനാൽ ടോൾ ഒഴിവാക്കാൻ ബുദ്ധിമുട്ടാണെന്നും ജനങ്ങൾക്ക് നഷ്ടപ്പെട്ട സഞ്ചാര സ്വാതന്ത്ര്യം തിരിച്ചുനൽകുമെന്നും ഉറപ്പുനൽകി. പാതയ്ക്കിരുവശവും മുഴുനീളം സർവ്വീസ് റോഡ് നിർമ്മിക്കുമെന്നും ടോൾ ഇല്ലാതെ സാധാരണക്കാർക്ക് അതിലെ യാത്ര ചെയ്യാൻ കഴിയുമെന്നും മുഖ്യമന്ത്രി ഉറപ്പുനൽകി. അങ്കമാലി ഇടപ്പള്ളി ദൂരത്തെ അധിക ടോൾ സംബന്ധിച്ച് ഗൗരവമായി ആലോചിക്കുമെന്നും പറഞ്ഞു.

എന്നാൽ, പാലങ്ങളിലെ ചെറിയ നടപ്പാതകൾ (കൈവരി പോലുമില്ലാതെ) നിർമ്മിച്ചുവെന്നു അവകാശപ്പെട്ടുകൊണ്ട് ഫെബ്രുവരി 9-ാം തിയതി മുതൽ ആയിരക്കണക്കിന് പോലീസുകാരുടെ അകമ്പടിയോടെ ടോൾ പിരിവാരംഭിച്ചു. ചില നാമമാത്രമായ ഇളവുകൾ പ്രദേശവാസികൾക്ക് നൽകി എന്നും പ്രഖ്യാപിച്ചു. എന്നാൽ ഇത് വഞ്ചനയാണെന്ന് തിരിച്ചറിഞ്ഞ ജനങ്ങൾ ഒറ്റക്കെട്ടായി നിന്ന് സമരം ചെയ്യുകയാണ്.

SNDP, NSS, KPMS, AIYF, AITUC, BJP, SJD, CPI(ML), PDP, സോളിഡാരിറ്റി, ശാസ്ത്ര സാഹിത്യ പരിഷത്ത്, തുടങ്ങി നിരവധി സാമൂഹിക സംഘടനകളും പ്രൊഫ. സാറാ ജോസഫ്, കെ. അജിത, പി. സുരേന്ദ്രൻ, ആനന്ദ് പട്വർധൻ തുടങ്ങിയ സാംസ്ക്കാരിക നേതാക്കളും വി.എം. സുധീരൻ, വി. മുരളീധരൻ തുടങ്ങിയ രാഷ്ട്രീയ നേതാക്കളും സമരത്തിന് ശക്തമായ പിന്തുണ നൽകുന്നുണ്ട്.

ഫെബ്രുവരി 13നു രാവിലെ മുതൽ അഞ്ചുപേർ നിരാഹാര സമരം ആരംഭിച്ചു. അതിലൊരാൾ കഴിഞ്ഞ പത്തൊൻപത് ദിവസമായി അത് തുടരുകയാണ്. ഇവരുടെ ജീവൻ അപകടത്തിലായിട്ടും ഈ വിഷയത്തിൽ സർക്കാർ ഇടപെടുന്നില്ല. ഇപ്പോഴും വലിയൊരു പോലീസ് സന്നാഹത്തെ ടോൾ പിരിവിനായി ഒരുക്കി നിർത്തിയിരിക്കുകയാണ്. സമാധാനപരമായി പ്രതിഷേധിക്കുന്നവരെ പോലും അതി ക്രൂരമായി മർദ്ദിക്കുകയും അവരുടെ പേരിൽ കള്ളക്കേസ് എടുക്കുകയും ചെയ്യുന്നു. താഴെ പറയുന്ന കാര്യങ്ങളെങ്കിലും അടിയന്തിരമായി ചെയ്യാൻ മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

1. റോഡ് സുരക്ഷിതമായി എന്ന് ഉറപ്പുവരുന്നതുവരെ ടോൾ പിരിവ് നിർത്തിവയ്ക്കുക. നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുക.

2. മുഖ്യമന്ത്രി ഉറപ്പു നൽകിയതുപോലെ ഇരുവശത്തും പൂർണ്ണമായി ടോളില്ലാത്ത സർവ്വീസ് റോഡ് അനുവദിക്കുക.

3. അങ്കമാലി-ഇടപ്പള്ളി ദൂരത്തെ ടോൾ ഉപേക്ഷിക്കുക ❏

Printed and published by : **Dr. George Mathen for Niyama Samskara Kendram, Jananeethi**, P.B. No. 8, Thottappady, Mannuthy P.O., Thrissur - 680651. Tel: 487-2373479, Fax: 487-2373281, E-mail: gpneethi@sancharnet.in / gepuli@rediffmail.com www.jananeethi.org **Printing : St.Mary's Orphanage Offset Press, Thrissur. Ph : 2425062, 2446709**

**വരിസംഖ്യ:** വാർഷികം – 100 ക., ആയുഷ്കാലം – 1000 ക.